# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

## തൃശ്ശൂർ - കുറ്റിപ്പുറം റോഡ് നാലുവരി പാതയായി അഭിവൃദ്ധിപ്പെടുത്തുന്നതിന് വേണ്ടി തൃശ്ശൂർ താലൂക്കിലെ അഞ്ഞൂർ വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കൽ

**തൃശ്ശൂർ ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയത്**

# കരട് രേഖ

**അർത്ഥനാധികാരി**

**പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ)**

**തൃശ്ശൂർ**


**സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ്**

**രാജഗിരി ഔട്ട് റീച്ച്**

രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്

രാജഗിരി.പി.ഒ. കളമശേരി, പിൻ: 683 104

ഫോൺ: 0484 2911332/2550785

outreach@rajagiri.edu

www.rajagirioutreach.in


**7 മെയ് 2024**

## ഉള്ളടക്കം

**അദ്ധ്യായം 1: പഠനത്തിന്റെ സംക്ഷിപ്ത രൂപം**

1.1. പദ്ധതിയും പൊതു ആവശ്യവും

1.2. പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കുന്നതിന്റെ വ്യാപ്തിയും സ്വഭാവവും

1.4. പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5. സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6. ലഘൂകരണ നടപടികൾ

**അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ / സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

2.10. ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം**

3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, വിവര ശേഖരണത്തിനുപയോഗിച്ച മാർഗ്ഗങ്ങൾ സാങ്കേതിക രീതി എന്നിവയെ കുറിച്ചുള്ള വിവരങ്ങളും, ടി മാർഗ്ഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിന്റെ യുക്തിയും.

3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെ ക്കുറിച്ചുമുള്ള അവലോകനം

3.5. തല്പര കക്ഷികളുമായുള്ള കൂടിയാലോചന, പബ്ലിക് ഹിയറങ്ങ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

**അദ്ധ്യായം 4: സ്ഥലത്തിന്റെ മൂല്യ നിർണ്ണയം**

4.1. ഭൂപടത്തിന്റെയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിന്റെ വിവരണം

4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിന്റേത് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല)

4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4. പദ്ധതി ബാധിത പ്രദേശത്തിന്റെ സമീപത്ത് പൊതു വിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിന്റെ നിലവിലെ ഉപയോഗം

4.5. നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിന്റെയും പദ്ധതിപ്രകാരമുള്ള ഉപയോഗം.

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ അളവും പ്രദേശവും

4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

4.8. കൈവശ ഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിന്റെ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം.

4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും, ഉപയോഗവും

**അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്.**

5.1. കുടുംബങ്ങളുടെ എണ്ണം

5.1.1.പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

**അദ്ധ്യായം 6: സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക രൂപരേഖ**

**(പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)**

6.1. പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2. വരുമാനവും ദാരിദ്ര്യതലവും

6.3. ദുർബ്ബലജനവിഭാഗം

6.4. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5. പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7. കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8. ഭരണ സംഘടനകൾ

6.9. രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ.

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

**അദ്ധ്യായം 7: സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

7.1. സാമൂഹ്യ പ്രത്യാഘാതം ദുരീകരിക്കുന്നതിനുള്ള സമീപനം

7.2. ആഘാതം ഒഴിവാക്കുവാനോ, ലഘൂകരിക്കുവാനോ, നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5. സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി.

7.7. സാമൂഹ്യ പ്രത്യാഘാത നിയന്ത്രണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ടതും, പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ളതും / ഉറപ്പ് നൽകിയിട്ടില്ലാത്തതുമായ നടപടികൾ.

**അദ്ധ്യായം 8: സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം**

8.1. ഓരോ പ്രത്യാഘാത ദുരീകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2. സർക്കാരിതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായി വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

**അദ്ധ്യായം 9 :സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും**

9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ പ്രവർത്തനങ്ങളും

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

**അദ്ധ്യായം 10: സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി - മേൽനോട്ടവും മൂല്യനിർണ്ണയവും**

10.1. മേൽനോട്ടവും മൂല്യനിർണ്ണയവും - പ്രധാന സൂചികകൾ

10.2. റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3. സ്വതന്ത്ര വിലയിരുത്തലിനുള്ള പദ്ധതി

**അദ്ധ്യായം 11 : നേട്ടങ്ങളും നഷ്ടങ്ങളും- അപഗ്രഥനം, ശുപാർശകൾ**

11.1. പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

11.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

## പട്ടികകൾ


1.3.1. പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലം

1.5.1. പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ

1.6.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും

3.1.1. പഠനസംഘം

4.8.1. പദ്ധതിബാധിതമാകുന്ന വീടുകൾ

5.1.1. ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ

7.6.1. സാമൂഹ്യപ്രത്യാഘാത ലഘൂകരണ പദ്ധതി

# ആമുഖം

സാമൂഹ്യ പ്രവർത്തന വിദ്യാഭ്യാസ രംഗത്ത് തനത് മുദ്രപതിപ്പിച്ചിട്ടുള്ള, എറണാകുളം ജില്ലയിലെ കളമശേരിയിൽ സ്ഥാപിതമായിട്ടുള്ള രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, ട്രാവൻകൂർ-കൊച്ചിൻ ലിറ്ററി, സയൻറിഫിക് ആൻറ് ചാരിറ്റബിൾ സൊസൈറ്റീസ് നിയമം 1955 പ്രകാരം 27.03.2022 ൽ രജിസ്റ്റർ ചെയ്ത ഒരു സർക്കാരിതര സംഘടനയാണ് രാജഗിരി ഔട്ട്റീച്ച്. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിൻെറ ഒരു സാമൂഹ്യ സേവന വിഭാഗമായി രാജഗിരി ഔട്ട്റീച്ച് പ്രവർത്തിക്കുന്നു. സാമൂഹ്യ സേവന പ്രവർത്തനങ്ങളോടൊപ്പം, വിവിധങ്ങളായ പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും രാജഗിരി ഔട്ട്റീച്ച് ചെയ്തുവരുന്നു. RFCTLARR ACT-2013 അനുസരിച്ച് നടപ്പിലാക്കപ്പെടുന്ന ഭൂമി ഏറ്റെടുക്കൽ പദ്ധതികളുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ അംഗീകാരം രാജഗിരി ഔട്ട്റീച്ചിന് ലഭിച്ചിട്ടുണ്ട്.

2024 ഏപ്രിൽ 2 തീയതിയിലെ നമ്പർ 1239, വാല്യം 13 കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ 27.03.2024 തീയതിയിലെ വിജ്ഞാപനം നമ്പർ DCTSR/3150/2018-E4-Part (1) പ്രകാരം തൃശ്ശൂർ – കുറ്റിപ്പുറം സംസ്ഥാന പാതയുടെ മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള റോഡിൻെറ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ടി തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ താലൂക്കിൽ അഞ്ഞൂർ വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്ന പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് രാജഗിരി ഔട്ട്റീച്ച്, കളമശ്ശേരിയെ ചുമതലപ്പെടുത്തിയതനുസരിച്ച് നടത്തിയ പഠനത്തിൻെറ കരട് രേഖയാണിത്. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ൻെറ ചട്ടം 15(5) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യപ്രത്യാഘാത ലഘൂകരണ നിർവ്വഹണ ആസൂത്രണവും (അദ്ധ്യായം:7) ഉൾപ്പെടുത്തികൊണ്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ ഫോറം നമ്പർ 6 ൽ തയ്യാറാക്കിയിട്ടുള്ളത്.

**മീന കുരുവിള**
പ്രോജക്ട് ഡയറക്ടർ & ചെയർപേഴ്സൺ

# അദ്ധ്യായം 1

## പഠനത്തിന്റെ സംക്ഷിപ്ത രൂപം

### 1.1. പദ്ധതിയും പൊതു ആവശ്യവും

ഒരു രാജ്യത്തിന്റെ അഭിവൃദ്ധി അനുബന്ധ സൗകര്യങ്ങളുടെ വികസനത്തെ ആശ്രയിച്ചിരിക്കുന്നു. ഗതാഗതം, ഊർജം, ആശയവിനിമയ സംവിധാനം തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ നവീകൃതമാക്കുന്നതിലൂടെ ജീവിതനിലവാരത്തെ പ്രത്യക്ഷമായി ബാധിക്കുന്ന വിദ്യാഭ്യാസം, ആരോഗ്യം, എന്നിവ ഉൾപ്പടെയുള്ള സാമൂഹിക അനുബന്ധ സൗകര്യങ്ങളുടെ വികസനത്തിന് വഴിതെളിയും. ജനങ്ങളുടെയും ചരക്കുകളുടെയും ഗതാഗതത്തിന് അനുയോജ്യമായ അനുബന്ധ സൗകര്യങ്ങൾ ഉണ്ടായിരിക്കുക എന്നത് സാമ്പത്തിക വ്യവസ്ഥയുടെ സുസ്ഥിര വികസനത്തിന് ഒരു മുൻ ഉപാധിയാണ്. ആയതിനാൽ കാര്യക്ഷമമായ റോഡ് സൗകര്യം ഉണ്ടായിരിക്കുക എന്നത് രാജ്യത്തിന്റെ വികസനത്തിന് അത്യന്താപേക്ഷിതമാണ്.

തൃശ്ശൂർ ടൗണിനെ മലപ്പുറം, ഗുരുവായൂർ, പൊന്നാനി തുടങ്ങിയ സ്ഥലങ്ങളുമായി ബന്ധിപ്പിക്കുന്ന തൃശ്ശൂർ - കുറ്റിപ്പുറം റോഡ്, തൃശ്ശൂർ ജില്ലയിലെ പ്രധാനപ്പെട്ട ഒരു സംസ്ഥാന പാതയാണ് (SH 69). തൃശ്ശൂർ - കുറ്റിപ്പുറം റോഡ്, തൃശ്ശൂരിൽ നിന്ന് ആരംഭിച്ച് പുഴക്കൽ, മുതുവറ, പേരാമംഗലം, മുണ്ടൂർ, കേച്ചേരി, ചൂണ്ടൽ, കുന്ദംകുളം, പെരുമ്പിലാവ്, ചങ്ങരംകുളം, എടപ്പാൾ വഴി തൃക്കനാപുരത്ത് അവസാനിക്കുകയും ദേശീയപാത 66 ൽ ചേരുകയും ചെയ്യുന്നു. ടി റോഡിന് ഏകദേശം 56.25 കിലോമീറ്റർ നീളമുണ്ട്. പ്രളയത്തിൽ തകർന്ന് വളരെ ശോചനീയാവസ്ഥയിലുള്ള ടി റോഡിനെ, മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള ഭാഗം ഒഴികെ, നാല് വരി പാതയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, പൊതുമരാമത്ത് വകുപ്പിന്റെ കെ.എസ്.ടി.പി വിങ്ങിന്റെ കീഴിൽ കഴിഞ്ഞ വർഷങ്ങളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിലവിൽ അതിന്റെ പ്രവർത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ആയതിനാൽ നിലവിലെ പദ്ധതി തൃശ്ശൂർ-കുറ്റിപ്പുറം റോഡിൽ മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള 1.88 കിലോമീറ്റർ ദൂരത്തിലുള്ള റോഡിന്റെ നവീകരണ പ്രവർത്തികൾ നടത്തി നാല്‌വരി പാതയായി അഭിവൃദ്ധിപ്പെടുത്തുക എന്നതാണ്.

ഘടനാപരമായ പല പോരായ്മകളാലും, വീതി കുറവായതിനാലും ശരിയായ ഡ്രയിനേജ് സൗകര്യം ഇല്ലാത്തതിനാലും നിലവിൽ ടി റോഡിൻെറ അവസ്ഥ മോശമാണ്. അതിനാൽ തന്നെ ടി റോഡിൽ അപകടങ്ങൾ സാധാരണമാണ്. ഈ സാഹചര്യത്തിൽ, റോഡ് വീതി കൂട്ടുക, റോഡിൻെറ ഗുണനിലവാരം വർദ്ധിപ്പിക്കുക, നല്ല ഡ്രെയ്നേജ് സംവിധാനം ഒരുക്കുക, റോഡ് സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുക തുടങ്ങിയ നവീകരണ പ്രവർത്തനങ്ങൾ നടത്തി ഇന്ത്യൻ റോഡ്സ് കോൺഗ്രസ്സ് അനുശാസിക്കുന്ന ഗൈഡ്ലൈൻസ് പ്രകാരം റോഡ് അഭിവൃദ്ധിപ്പെടുത്തുക എന്നത് അത്യാവശ്യമാണ്. അതിനായി തൃശ്ശൂർ താലൂക്കിലെ അഞ്ഞൂർ വില്ലേജിൽ നിന്ന് ഏകദേശം 1.0987 ഹെക്ടർ ഭൂമി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2b (i) പ്രകാരം നിർദ്ദിഷ്ട പദ്ധതി പൊതു ആവശ്യങ്ങളിൽ ഉൾപ്പെടുന്നു.

### 1.2. പദ്ധതി പ്രദേശം

നിർദ്ദിഷ്ട പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ - കുറ്റിപ്പുറം റോഡിൻെറ മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള ഭാഗം നവീകരിക്കുന്നതിനായി ഏറ്റെടുക്കുന്ന ഭൂമി കൈപ്പറമ്പ് ഗ്രാമ പഞ്ചായത്തിലെ 3, 4, 5, 6, 15, 16 വാർഡുകളിൽ ഉൾപ്പെട്ട പ്രദേശങ്ങളാണ്. ഏകദേശം 1.88 കിലോമീറ്റർ ദൂരത്തിൽ നിലവിലുള്ള റോഡിൻെറ ഇരുവശത്ത് നിന്നും ഏറ്റെടുക്കുന്ന ഭൂമി തൃശ്ശൂർ താലൂക്കിലെ അഞ്ഞൂർ വില്ലേജിൽ ഉൾപ്പെട്ടിട്ടുള്ളതാണ്.

### 1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വ്യാപ്തിയും സ്വഭാവവും

2024 ഏപ്രിൽ 2 തിയ്യതിയിലെ കേരള ഗസറ്റ് (അസാധാരണം) വാല്യം 13, നമ്പർ 1239 ൽ പ്രസിദ്ധപ്പെടുത്തിയ 2024 മാർച്ച് 27 തിയ്യതിയിലെ വിജ്ഞാപനം നമ്പർ DCTSR/3150/2018–E4-Part(1) പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി അതായത് തൃശ്ശൂർ - കുറ്റിപ്പുറം റോഡിൻെറ മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള ഭാഗം നവീകരിക്കുന്നതിനായി തൃശ്ശൂർ താലൂക്കിലെ അഞ്ഞൂർ വില്ലേജിൽ നിന്ന് ഏകദേശം 1.0987 ഹെക്ടർ ഭൂമി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഉത്തരവിൽ ചേർത്തിരിക്കുന്ന സ്ഥല വിവരങ്ങൾ പട്ടിക 1.3.1. ൽ പ്രതിപാദിക്കുന്നു.

**പട്ടിക 1.3.1: പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലം**

താലൂക്ക് : തൃശ്ശൂർ                    വില്ലേജ് : അഞ്ഞൂർ

| ക്രമ നമ്പർ | സർവ്വെ നം/ സബ് ഡിവിഷൻ നം | വിവരണം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|
| 1 | 100 | പുരയിടം | 1.0987 |
| 2 | 101 | നിലം | |
| 3 | 102 | പുരയിടം | |
| 4 | 123 | പുരയിടം | |
| 5 | 124 | പുരയിടം | |
| 6 | 126 | പുരയിടം | |
| 7 | 234 | നിലം | |
| 8 | 237 | നിലം | |
| 9 | 238 | പുരയിടം | |
| 10 | 239 | പുരയിടം | |
| 11 | 313 | പുരയിടം | |
| 12 | 316 | പുരയിടം | |
| 13 | 317 | പുരയിടം | |
| 14 | 332 | പുരയിടം | |
| 15 | 98 | പുരയിടം | |
| 16 | 95 | പുരയിടം | |
| 17 | 84 | പുരയിടം | |
| 18 | 80 | പുരയിടം | |
| 19 | 128 | പുരയിടം | |
| 20 | 129 | പുരയിടം | |
| 21 | 132 | പുരയിടം | |
| 22 | 232 | പുരയിടം | |
| 23 | 222 | പുരയിടം | |
| 24 | 223 | നിലം | |
| 25 | 218 | പുരയിടം | |
| 26 | 215 | പുരയിടം | |
| 27 | 219 | പുരയിടം | |
| | | | 1.0987 |

## 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

ടി പദ്ധതി നിലവിൽ ഉള്ള റോഡിന്റെ വീതി വർദ്ധിപ്പിച്ച് നവീകരണ പ്രവർത്തനങ്ങൾ നടത്തുക എന്നതായതിനാൽ ഇതര മാർഗ്ഗങ്ങൾ പരിഗണിക്കപ്പെട്ടിട്ടില്ല. ഏറ്റവും അനുയോജ്യമായ രീതിയിലാണു നിലവിലെ രൂപരേഖ തീർച്ചപ്പെടുത്തിയിരിക്കുന്നത് എന്ന് അർത്ഥനാധികാരി വെളിപ്പെടുത്തി.

## 1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

പദ്ധതിക്ക് വേണ്ടി തൃശ്ശൂർ താലൂക്കിലെ അഞ്ഞൂർ വില്ലേജിൽ നിന്ന് ഏകദേശം 1.0987 ഹെക്ടർ സ്ഥലം ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്കും ടി ഭൂമിയെ ആശ്രയിച്ച് ജീവിക്കുന്ന ഏതാനും കുടുംബങ്ങൾക്കും വിവിധങ്ങളായ വിപരീത പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ ഇടയുണ്ടെന്ന് സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പാഠനസംഘം മനസിലാക്കുന്നു.

പദ്ധതിയുടെ പ്രത്യാഘാതങ്ങൾ വിലയിരുത്തുന്നതിനുവേണ്ടി പാഠന സംഘം പദ്ധതിപ്രദേശം സന്ദർശിക്കുകയും ഭൂവുടമകളെ നേരിട്ടും ടെലിഫോൺ മുഖാന്തിരവും ബന്ധപ്പെട്ട് സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം നടത്തുകയും ചെയ്തു. അഞ്ഞൂർ വില്ലേജിലെ 122 ഭൂവുടമകളിൽ നിന്നാണ് സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പാഠനസംഘം ഇത്തരത്തിൽ വിവരശേഖരണം നടത്തിയത്.

പദ്ധതിക്ക് വേണ്ടി നിലവിലെ രൂപരേഖപ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ പൊതുവിൽ ഉണ്ടാകുവാനിടയുണ്ടെന്ന് പദ്ധതി ബാധിതരിൽ നിന്ന് പാഠന സംഘം മനസിലാക്കിയ സാമൂഹ്യ പ്രത്യാഘാതങ്ങൾ തുടർന്ന് വിലയിരുത്തുന്നു.

***പട്ടിക 1.5.1: പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ***

| *ക്രമ നമ്പർ* | *പ്രത്യാഘാതങ്ങൾ* | *ആഘാതബാധിതമാകുന്ന കുടുംബങ്ങളുടെ എണ്ണം* | *വിശദീകരണം* |
|---|---|---|---|
| **I.** | **ഭൂമി പദ്ധതിബാധിതമാകൽ** | | |
| 1 | കൈവശഭൂമി നഷ്ടമാകൽ / അളവ് കുറയൽ | 122 | • 122 ഭൂവുടമകൾക്കും കൈവശ ഭൂമിയുടെ അളവ് കുറയും/ പൂർണ്ണമായി നഷ്ടപ്പെടും. |

| | | | |
|---|---|---|---|
| **II.** | **വീടും അനുബന്ധ സൗകര്യങ്ങൾ / നിർമ്മിതികൾ പദ്ധതി ബാധിതമാകൽ** | | |
| 2 | വീട് | 9 ഭൂവുടമകൾ | 1 ഭൂവുടമയുടെ വീട് പൂർണ്ണമായും<br>5 ഭൂവുടമകളുടെ ഭാഗികമായും<br>3 വീടുകൾ ചെറിയ തോതിലും പദ്ധതി ബാധിതമാകും |
| 3 | അവശ്യ സൗകര്യങ്ങൾ | 3 ഭൂവുടമകൾ | തുറന്ന കിണർ (1), കുഴൽ കിണർ (1), സെപ്റ്റിക് ടാങ്ക് (1). |
| 4 | മറ്റ് നിർമ്മിതികൾ | 48 ഭൂവുടമകൾ | ചുറ്റുമതിൽ (47), ഗേറ്റ് (42), ഇലക്ട്രിസിറ്റി സ്വിച്ച് ബോർഡ് (1), ഫ്ലോർ ടൈൽസ് (1) |
| **III.** | **വ്യാപാര വ്യവസായ സ്ഥാപനങ്ങൾ / മറ്റ് കെട്ടിടങ്ങൾ / അനുബന്ധ സൗകര്യങ്ങൾ** | | |
| 6 | വ്യാപാര/വ്യവസായ/ മറ്റ് സ്ഥാപനങ്ങൾ | 44 ഭൂവുടമകൾ | 5 ഭൂവുടമകളുടെ പൂർണ്ണമായും<br>17 ഭൂവുടമകളുടെ ഭാഗികമായും<br>22 ഭൂവുടമകളുടെ ചെറിയ തോതിലും വ്യാപാര വ്യവസായ / മറ്റ് സ്ഥാപനങ്ങൾ പദ്ധതി ബാധിതമാകും |
| 7 | അനുബന്ധ സൗകര്യങ്ങൾ | 23 ഭൂവുടമകൾ | ചുറ്റുമതിൽ (10), ഗേറ്റ് (7), സ്റ്റെപ്പ്, ടൈൽ പാകിയ തറ, പാർക്കിങ്ങ് സൗകര്യം, തുറന്ന കിണർ, കുഴൽ കിണർ |
| 8 | പ്രദേശത്ത് നിന്ന് കുടിയൊഴിപ്പിക്കപ്പെടുക | 9 ഭൂവുടമകൾ | 9 ഭൂവുടമകൾ പദ്ധതി മൂലം തങ്ങളുടെ സ്ഥാപനം പദ്ധതി പ്രദേശത്ത് നിന്ന് മാറ്റേണ്ടി വരുമെന്ന് അറിയിച്ചു. |
| 9 | നിർമ്മാണ ഘട്ടത്തിൽ കച്ചവടം തടസ്സപ്പെടാനുള്ള സാധ്യത | 14 ഭൂവുടമകൾ | പ്രദേശത്ത് നിന്ന് മാറ്റപ്പെടുന്നില്ലെങ്കിലും നിർമ്മാണ ഘട്ടത്തിൽ കച്ചവടം തടസ്സപ്പെടാൻ സാധ്യതയുണ്ടെന്ന് അറിയിച്ചു. |
| **IV.** | **കൃഷി / മരങ്ങൾ നഷ്ടമാകൽ** | | |
| 10 | കൃഷി / മരങ്ങൾ നഷ്ടമാകൽ | 32 ഭൂവുടമകൾ | തെങ്ങ് (75), മാവ് (24), വാഴ (24), തേക്ക് (4), കൊന്ന (2), കശുമാവ് (2), കൊടമ്പുളി (1), അത്ത, കാറ്റാടി, പുളി, അത്തി, ആര്യവേപ്പ്, മുരിങ്ങ, റമ്പുട്ടാൻ, പേര, പ്ലാവ് |
| **V.** | **ഉപജീവനമാർഗം / വരുമാനം നഷ്ടമാകൽ** | | |
| 11 | ഉപജീവനമാർഗം നഷ്ടമാകൽ | 18 ഭൂവുടമകൾ | 18 ഭൂവുടമകൾക്ക് പദ്ധതിബാധിതമാകുന്ന കെട്ടിടങ്ങളിൽ നിന്നുള്ള |

| | | | |
|---|---|---|---|
| | | | ഉപജീവന മാർഗ്ഗം നഷ്ടമാകുന്നു |
| 12 | വരുമാനം | 26 ഭൂവുടമകൾ | 26 ഭൂവുടമകൾക്ക് പദ്ധതിബാധിതമാകുന്ന കെട്ടിടങ്ങളിൽ/ കൃഷിയിൽ നിന്ന് ലഭിക്കുന്ന വരുമാനം നഷ്ടമാകുന്നു |
| 13 | വാടകക്കാർ/തൊഴിലാളികൾ | | പദ്ധതി ബാധിതമാകുന്ന കെട്ടിടത്തിന്റെ കച്ചവടത്തിൽ നിന്നും ഉള്ള വരുമാനം/ ഉപജീവന മാർഗ്ഗം നഷ്ടമാകുന്ന വാടകക്കാർ/തൊഴിലാളികൾ |
| **VI.** | **പ്രവേശനമാർഗം നഷ്ടമാകൽ** | | |
| 14 | പദ്ധതിനിർമ്മാണ ഘട്ടത്തിൽ പ്രവേശനമാർഗം നഷ്ടമാകൽ | 24 ഭൂവുടമകൾ | 24 ഭൂവുടമകൾ തങ്ങളുടെ വസ്തുവകകളിലേക്ക് പദ്ധതിനിർമ്മാണ ഘട്ടത്തിൽ പ്രവേശനം തടസ്സപ്പെടുമെന്ന ആശങ്ക പ്രകടിപ്പിച്ചു. |
| **VII.** | **അവശേഷിക്കുന്ന സ്ഥലത്തിന്റെ പര്യാപ്തത** | | |
| 15 | പദ്ധതിബാധിതമാകുന്ന അവശ്യ സൗകര്യങ്ങൾ പുന:സ്ഥാപിക്കുന്നതിന് അവശേഷിക്കുന്ന സ്ഥലത്തിന്റെ അപര്യാപ്തത | 3 ഭൂവുടമകൾ | ഒരു കെട്ടിടത്തിലെ നാല് സ്ഥാപനങ്ങൾക്ക് വെള്ളം നൽകുന്ന കുഴൽ കിണർ, രണ്ട് നില കെട്ടിടത്തിന്റെ സ്റ്റെപ്പും സൺഷേഡും, ബേക്കറിയുടെ സ്റ്റെപ്പും സൺഷേഡും, എന്നിവ പുനസ്ഥാപിക്കുന്നതിന് ഏറ്റെടുക്കലിനുശേഷം അവശേഷിക്കുന്ന സ്ഥലം പര്യാപ്തമല്ല. |
| **VIII.** | **മറ്റ് പ്രത്യാഘാതങ്ങൾ** | | |
| 16 | ആരോഗ്യപ്രശ്നങ്ങൾ/ അപകട സാധ്യതകൾ | | നിർമ്മാണഘട്ടത്തിൽ പൊടിശല്ല്യം, ശബ്ദമലിനീകരണം എന്നിവയ്ക്കുള്ള സാധ്യതകൾ |
| 17 | പരിസരമലിനീകരണം | | നിർമ്മാണമാലിന്യങ്ങൾ മൂലം |

### 1.6. ലഘൂകരണ നടപടികൾ

ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, കൂടാതെ

കേരള സർക്കാർ റവന്യൂ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള പോളിസികൾ (23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD & 29/12/2017 തീയതിയിലെ G.O(Ms)No.448/2017/ RD) പ്രകാരവും നടപടികൾ കൈക്കൊള്ളേണ്ടതാണ്.

പദ്ധതിക്ക് വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം കണ്ടെത്തിയ പ്രത്യാഘാതങ്ങളും, പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും, പ്രത്യാഘാത ലഘൂകരണത്തിനായുള്ള നിർദ്ദേശങ്ങളും പട്ടിക 1.6.1. ൽ നൽകിയിരിക്കുന്നു.

***പട്ടിക 1.6.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും***

| ക്രമ നമ്പർ | സാമൂഹ്യ പ്രത്യാഘാതം | ലഘൂകരണ നടപടി |
|---|---|---|
| 1 | കൈവശഭൂമി നഷ്ടമാകൽ/ അളവ് കുറയൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 2 | വീടുകൾ പദ്ധതിബാധിതമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 3 | അവശ്യ സൗകര്യങ്ങൾ നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനസ്ഥാപനവും |
| 4 | മറ്റ് നിർമ്മിതികൾ പദ്ധതി ബാധിതമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനസ്ഥാപനവും |
| 5 | ഉപജീവനമാർഗം നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനസ്ഥാപനവും |
| 6 | വരുമാനം നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 7 | പ്രവേശനമാർഗം നഷ്ടമാകൽ | പദ്ധതി നിർമ്മാണ ഘട്ടത്തിലും നിർവ്വഹണത്തിനു ശേഷവും സമീപത്തുള്ള കുടുംബങ്ങൾക്ക് തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം |
| 8 | പദ്ധതി ബാധിതമാകുന്ന അവശ്യ സൗകര്യങ്ങൾ പുനസ്ഥാപിക്കുന്നതിന് അവശേഷിക്കുന്ന സ്ഥലത്തിന്റെ അപര്യാപ്തത | അവശ്യസൗകര്യങ്ങൾ നിലനിർത്തുന്നതിന് സാധ്യമായ പരിഗണന |

| | | |
|---|---|---|
| 9 | പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള ആരോഗ്യപ്രശനങ്ങൾ/ അപകട സാധ്യതകൾ | പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടിശല്ല്യവും യന്ത്രസാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം.<br>നിർമ്മാണ ഘട്ടത്തിൽ തൊഴിലാളികളുടെയും പ്രദേശവാസികളുടെയും സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് മതിയായ മുൻ കരുതലുകൾ സ്വീകരിക്കണം. |
| 10 | നിർമ്മാണ മാലിന്യങ്ങൾ യഥാസമയം നിർമ്മാർജനം ചെയ്യാതിരിക്കുന്നത് മൂലം ഉണ്ടാകുവാനിടയുള്ള പരിസര മലിനീകരണം | പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായ്, യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം |
| 11 | വൃക്ഷങ്ങൾ നഷ്ടമാകൽ | പദ്ധതിക്ക് വേണ്ടി വെട്ടി മാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷ തൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. |

# അദ്ധ്യായം 2

## പദ്ധതിയുടെ വിശദവിവരങ്ങൾ

### 2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ - കുറ്റിപ്പുറം റോഡിൽ (സംസ്ഥാന പാത 69) മുണ്ടൂരിൽ നിന്ന് ആരംഭിച്ച് പുറ്റേക്കര അവസാനിക്കുന്ന ഏകദേശം 1.88 കിലോമീറ്റർ ദൂരത്തിലുള്ള റോഡിൻെറ നവീകരണ പ്രവർത്തികൾ നടത്തി നാല്വരി പാതയായി അഭിവൃദ്ധിപ്പെടുത്തുക എന്നതാണ് നിലവിലെ പദ്ധതി. കൈപ്പറമ്പ് പഞ്ചായത്തിലൂടെ കടന്ന് പോകുന്ന ടി റോഡിന് ഘടനാപരമായ പല പോരായ്മകളാലും ശരിയായ ഡ്രയിനേജ് സൗകര്യം ഇല്ലാത്തതിനാലും, വെള്ളപ്പൊക്കത്തിൽ കേട്പാടുകൾ സംഭവിച്ചിട്ടുള്ളതിനാലും നിലവിൽ റോഡിൻെറ അവസ്ഥ മോശമാണ്. ഈ സാഹചര്യത്തിൽ, റോഡ് വീതി കൂട്ടുക, റോഡിൻെറ ഗുണനിലവാരം വർദ്ധിപ്പിക്കുക, കാൽ നട യാത്രക്കാർക്കായി ഫുട്പാത് നിർമ്മിക്കുക, നല്ല ഡ്രെയ്നേജ് സംവിധാനം ഒരുക്കുക, റോഡ് സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുക തുടങ്ങിയ നവീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടത് അത്യാവശ്യമാണ്.

തൃശ്ശൂർ - കുറ്റിപ്പുറം റോഡ്, തൃശ്ശൂരിൽ നിന്ന് ആരംഭിച്ച് പുഴക്കൽ, മുതുവറ, പേരാമംഗലം, മുണ്ടൂർ, കേച്ചേരി, ചൂണ്ടൽ, കുന്ദംകുളം, പെരുമ്പിലാവ്, ചങ്ങരംകുളം, എടപ്പാൾ വഴി തൃക്കണാപുരത്ത് അവസാനിക്കുകയും ദേശീയപാത 66 ൽ ചേരുകയും ചെയ്യുന്നു. ടി റോഡിൻെറ പുഴക്കൽ മുതൽ ചൂണ്ടൽ വരെയുള്ള ഭാഗം (KM 5/750 to KM 19/650) നാല് വരി പാതയായി നവീകരിക്കുന്നതിന് 6270 ലക്ഷം (62.70 കോടി) രൂപയുടെ ഭരണാനുമതിയും സ്പെഷ്യൽ സാങ്ക്ഷനും 18.12.2009 തീയതിയിലെ ഓർഡർ നമ്പർ G.O. (Rt) No.1837/2009/PWD പ്രകാരം ലഭിച്ചിരുന്നു. ഇതിൽ 4885.5 ലക്ഷം രൂപ റോഡിൻെറയും പാലത്തിൻെറയും നിർമ്മാണ പ്രവർത്തികൾക്കുപയോഗിക്കുകയും, 50 ലക്ഷം രൂപ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കണ്ടിജൻസി അടക്കുന്നതിന് ഉപയോഗിക്കുകയും ചെയ്തതിനാൽ ഭരണാനുമതി ലഭിച്ച തുകയിൽ ബാക്കി 1334.50 ലക്ഷം രൂപ മാത്രമാണ് ഉള്ളത്. എന്നാൽ തൃശ്ശൂർ-കുറ്റിപ്പുറം റോഡിൻെറ മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള റോഡ് നവീകരണ പ്രവർത്തികൾക്ക്

വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിലേക്കായി 5699.50 ലക്ഷം രൂപ കണക്കാക്കുകയും ടി തുക പ്രൊപ്പോസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ നിലവിൽ ബാക്കിയുള്ള 1334.50 ലക്ഷം കൂടാതെ, അധികമായി 4364 ലക്ഷം രൂപയുടെ ആവശ്യമുണ്ട്. അത് പ്രകാരം നിലവിൽ ഭരണാനുമതിക്ക് വേണ്ടി സമർപ്പിച്ചിട്ടുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് തുക 10,635 ലക്ഷമാണ്.

കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രൊജക്ടിന്റെ തൃശ്ശൂർ കുറ്റിപ്പുറം റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള ഭാഗത്ത് റോഡിന്റെ അതിർത്തി ജില്ലാ സർവ്വെ ഓഫീസ് മാർക്ക് ചെയ്യുകയും കൂടാതെ, 01.10.2024 ൽ അംഗീകാരം ലഭിച്ച അലൈൻമെന്റ് (22 മീറ്റർ വീതി) പ്രകാരം അലൈൻമെന്റ് കല്ലുകൾ സ്ഥാപിക്കുന്ന പ്രവർത്തി ഫെബ്രുവരി 2023 ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. അതിന് ശേഷം എൽ.എ തഹസീൽദാർ ഓഫീസുമായി ചേർന്ന് ഒരു സംയുക്ത പരിശോദന പദ്ധതി പ്രദേശത്ത് നടത്തുകയും ചെയ്തിട്ടുണ്ട്. പൊതു മരാമത്ത് വകുപ്പാണ് പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കിയിരിക്കുന്നത്. പദ്ധതിയുടെ നിർവ്വാഹകരായി സംസ്ഥാന ഗവൺമെന്റ് ചുമതലപ്പെടുത്തിയിട്ടുള്ളതും പൊതുമരാമത്ത് വകുപ്പ് (നിരത്ത്) വിഭാഗത്തെയാണ്. നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 അനുശാസിക്കുന്ന പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർവ്വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ, എൽ.എ (ജനറൽ), തൃശ്ശൂർ ആയിരിക്കും.

### 2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

റോഡുകൾ, പാലങ്ങൾ എന്നിവ നിർമ്മിച്ച് യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നത് രാജ്യത്തിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിൽ ഉൾപ്പെടുന്നു.. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2 (b) യിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന പൊതു ആവശ്യങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും ഉൾപ്പെടുന്നു.

### 2.3. പദ്ധതിയുടെ സ്ഥലം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഫാറം നമ്പർ 2 ൽ അർത്ഥനാധികാരി സമർപ്പിച്ച അർത്ഥനാപത്രം അനുസരിച്ച് പദ്ധതിക്ക് വേണ്ടി തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ താലൂക്കിലെ അഞ്ഞൂർ വില്ലേജിൽ നിന്ന് 1.0987 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കേണ്ടത്.

തൃശ്ശൂർ ജില്ലയിൽ സംസ്ഥാന പാത 69 തൃശ്ശൂർ - കുറ്റിപ്പുറം റോഡിൽ മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള ഏകദേശം 1.88 കിലോമീറ്റർ നീളമുള്ള റോഡ് നവീകരിക്കുക എന്നതാണ് പദ്ധതി. റോഡിന്റെ ഘടനാപരമായ പോരായ്മകളും ഡ്രയിനേജ് സൗകര്യത്തിന്റെ അപര്യാപ്തതയും പരിഹരിച്ച് റോഡിന്റെ വീതി കൂട്ടി, ഗുണ നിലവാരം വർദ്ധിപ്പിച്ച്, കാൽ നട യാത്രക്കാർക്കായി ഫുട് പാത് നിർമ്മിച്ച്, റോഡ് സുരക്ഷാ സംവിധാനങ്ങൾ ഒരുക്കി, അപകട സാധ്യതകൾ കുറച്ച് പ്രദേശത്തെ ഗതാഗതം സുഗമമാക്കൽ, പ്രദേശത്തിന്റെ സമഗ്രവികസനം തുടങ്ങിയവയാണ് പദ്ധതി ലക്ഷ്യമിടുന്നത്. പൊതു മരാമത്ത് വകുപ്പ് തയ്യാറാക്കിയ ഡി.പി.ആർ പ്രകാരം, ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നഷ്ട പരിഹാരം നൽകൽ, വെള്ളം വൈദ്യുതി ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ മാറ്റി സ്ഥാപിക്കൽ, തുടങ്ങി പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തികൾക്കും കൂടി ഏകദേശം 5699.50 ലക്ഷം രൂപ രൂപയുടെ ബഡ്ജറ്റ് എസ്റ്റിമേറ്റാണ് കണക്കാക്കിയിരിക്കുന്നത്.

### 2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

പദ്ധതി നിലവിൽ ഉള്ള റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തുക എന്നതായതിനാൽ ഇതരമാർഗങ്ങളുടെ പരിഗണന അപ്രസക്തമാണ്. നിലവിൽ ഉള്ള റോഡിന്റെ വീതി കൂട്ടി നവീകരിക്കുന്നതിൽ ഏറ്റവും അനുയോജ്യമായ രീതിയിലാണു നിലവിലെ രൂപരേഖ തീർച്ചപ്പെടുത്തിയിരിക്കുന്നത് എന്ന് അർത്ഥനാധികാരി വെളിപ്പെടുത്തി.

### 2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

പദ്ധതി ഒരൊറ്റ ഘട്ടത്തിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

### 2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ ടൗണിനെ മലപ്പുറം, ഗുരുവായൂർ, പൊന്നാനി തുടങ്ങിയ സ്ഥലങ്ങളുമായി ബന്ധിപ്പിക്കുന്ന തൃശ്ശൂർ - കുറ്റിപ്പുറം റോഡിൽ (സംസ്ഥാന പാത 69) മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള ഏകദേശം 1.88 കിലോമീറ്റർ നീളമുള്ള റോഡ് നവീകരിക്കുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. നിലവിൽ 15 മുതൽ 20 മീറ്റർ വരെ വീതിയുള്ള രണ്ട് വരി പാതയായ റോഡിനെ 22 മീറ്റർ വീതിയുമുള്ള നാല് വരി പാതയായി വിപുലീകരിക്കുക എന്നതാണ് പദ്ധതി. കാൽ നട യാത്രക്കാർക്കായി ഫുട് പാത്ത്, നല്ല ഡ്രെയ്നേജ് സംവിധാനം, റോഡ് സുരക്ഷാ സംവിധാനങ്ങൾ, തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കുക എന്നതും ഈ പദ്ധതി ലക്ഷ്യമിടുന്നു.

### 2.7. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

പദ്ധതി നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി പ്രദേശത്ത് നിലവിലുള്ള വൈദ്യുതി തൂണുകൾ, ടെലിഫോൺ തൂണുകൾ, ട്രാൻസ്ഫോർമർ, വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പുകൾ എന്നിവ യഥായോഗ്യം മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. കൂടാതെ നിർമ്മാണ ഘട്ടത്തിൽ ജനങ്ങളുടെയും വാഹനങ്ങളുടെയും ഗതാഗതം തടസപ്പെടാതിരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണം. പദ്ധതി നിലവിൽ വരുമ്പോൾ പദ്ധതിപ്രദേശത്തുള്ള വീടുകളിലേക്കും വസ്തുവിലേക്കും നിലവിലുള്ള സൗകര്യത്തിൽ കുറവ് വരാത്ത വിധത്തിൽ മതിയായ പ്രവേശനമാർഗം നൽകണം.

### 2.8 ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

പദ്ധതി നിർമ്മാണത്തിന് മത്സരാധിഷ്ടിത അപേക്ഷകളിൽ നിന്ന് കരാറുകാരനെ നിയമിക്കും. കരാറിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളനുസരിച്ച് കരാറുകാരൻ ജോലികൾ നിർവ്വഹിക്കണം. പദ്ധതിയുടെ സമയക്രമീകരണം കരാറുകാരൻ തയ്യാറാക്കുന്ന വർക്ക് ഷെഡ്യൂൾ എന്നിവ വിലയിരുത്തുകയും പദ്ധതിയുടെ സമയാധിഷ്ഠിത പൂർത്തീകരണം സ്ഥിരമായ വിലയിരുത്തലിലൂടെ ഉറപ്പുവരുത്തുകയും ചെയ്യും. ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ സാങ്കേതിക വിദഗ്ദ്ധരും അല്ലാത്തവരുമായ തൊഴിലാളികളുടെ സേവനം ഉപയോഗിച്ചായിരിക്കും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

**2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാതവിലയിരുത്തൽ/സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ**

പദ്ധതിക്ക് വേണ്ടി ടോട്ടൽ സ്റ്റേഷൻ സർവ്വെ, ട്രാഫിക് സർവെ ഉൾപ്പെടെയുള്ള പഠനങ്ങൾ നടത്തിയതായി പദ്ധതിയുടെ അർത്ഥനാധികാരി വെളിപ്പെടുത്തിയിരിക്കുന്നു. പദ്ധതിക്ക് വേണ്ടി രാജഗിരി ഔട്ട് റീച്ച് നടത്തികൊണ്ടിരിക്കുന്ന കൊണ്ടിരിക്കുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് രേഖയാണ് ഇത്.

**2.10. ബാധകമായ നിയമങ്ങളും നയങ്ങളും**

തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ – കുറ്റിപ്പുറം റോഡിന്റെ മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള റോഡിന്റെ നവീകരണ പ്രവർത്തികൾക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങളും നയങ്ങളും ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013
- കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള സംസ്ഥാന സർക്കാരിന്റെ നയം.
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ന്റെ വെളിച്ച ത്തിൽ കേരള സർക്കാർ റവന്യൂ(ബി)വകുപ്പിന്റെ 29/12/2017 തീയതിയിലെ G.O(MS) No .448/ 2017/RD പ്രകാരം പുറപ്പെടുവിച്ച സംസ്ഥാന സർക്കാരിന്റെ നയം
- വിവരവകാശ നിയമം 2005

# അദ്ധ്യായം 3

## പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ - കുറ്റിപ്പുറം റോഡിന്റെ മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള റോഡ് നവീകരിക്കുന്നതിന് വേണ്ടി തൃശ്ശൂർ താലൂക്കിലെ അഞ്ഞൂർ വില്ലേജിൽ നിന്നും ഏകദേശം 1.0987 ഹെക്ടർ ഭൂമി ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ടി നിയമത്തിന്റെ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിനും രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിന്റെ സാമൂഹ്യ സേവന വിഭാഗമായ രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തിക്കൊണ്ട് തൃശ്ശൂർ ജില്ലാ കളക്ടർ 2024 മാർച്ച് 27 തീയതിയിൽ പുറപ്പെടുവിച്ച വിജ്ഞാപനം നമ്പർ DCTSR/3150/2018-E4-Part (1), 2024 ഏപ്രിൽ 02 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) വാല്യം–13, നമ്പർ–1239 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തദനുസൃതമായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിന്റെ പഠന സംഘം വിവിധ ഘട്ടങ്ങളിലൂടെ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി.

### 3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിന്റെ അദ്ധ്യക്ഷയായ രാജഗിരി ഔട്ട് റീച്ചിന്റെ ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ സാമൂഹ്യ - സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും നടത്തിയ അനുഭവ സമ്പത്തുള്ള 11 അംഗങ്ങളടങ്ങുന്ന ടീമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനു വേണ്ടിയുള്ള വിവരങ്ങളുടെ ശേഖരണവും വിശകലനവും ഏകോപനവും നടത്തി കരട് രേഖ തയ്യാറാക്കിയത്. പഠന സംഘത്തിന്റെ വിവരങ്ങൾ പട്ടിക 3.1.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.1.1. പഠന സംഘം**

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസ യോഗ്യത പദവി | പ്രവർത്തന പരിചയം |
|---|---|---|---|
| 1 | ഡോ:ബിനോയ് ജോസഫ് | എം.എ (എച്ച്.ആർ.എം), പി.എച്ച്.ഡി., എൽ.എൽ.ബി കൺസൾട്ടൻറ് (പ്രിൻസിപ്പാൾ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്) | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 27 വർഷത്തെ പ്രവർത്തന പരിചയം |
| 2 | Dr. Fr. സാജു എം. ഡി | എം.ഫിൽ, പി.എച്ച്.ഡി.. കൺസൾട്ടൻറ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 14 വർഷത്തെ പ്രവർത്തന പരിചയം |
| 3 | Fr. ഷിൻേറാ ജോസഫ് | എം.എസ്.ഡബ്ല്യൂ, എം.ഫിൽ കൺസൾട്ടൻറ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 6 വർഷത്തെ പ്രവർത്തന പരിചയം |
| 4 | മീന കുരുവിള | എം.എസ്.ഡബ്ല്യൂ, ചെയർപേഴ്സൺ | വികസനമേഖലയിൽ 34 വർഷത്തെ പ്രവർത്തന പരിചയം |
| 5 | ബിജു സി.പി. | ബി.എ, ഡെവലപ്പ്മെൻറ് ഓഫീസർ | വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തന പരിചയം |
| 6 | വിനയൻ വി എസ്സ് | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 20 വർഷത്തെ പ്രവർത്തന പരിചയം |
| 7 | മരിയ ടെൻസി വി.എസ്. | എം.എ., ഡി.എസ്.എസ്., റിസേർച്ച് അസോസിയേറ്റ് | വികസനമേഖലയിൽ 32 വർഷത്തെ പ്രവർത്തന പരിചയം |
| 8 | വർഗ്ഗീസ് കെ.ഒ | ഇൻവെസ്റ്റിഗേറ്റർ | വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തന പരിചയം |
| 9 | എലിസബത്ത് പെനെലോപ്പ് ലോബോ | എം.ബി.എ. റിസേർച്ച് അസ്സോസിയേറ്റ് | 34 വർഷത്തെ പ്രവർത്തന പരിചയം |

| | | | |
|---|---|---|---|
| 10 | ഫിലോമിന കെ.എ. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 28 വർഷത്തെ പ്രവർത്തന പരിചയം |
| 11 | ഇന്ദിര വി. വി.. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 30 വർഷത്തെ പ്രവർത്തന പരിചയം |

**3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, വിവര ശേഖരണത്തിനുപയോഗിച്ച മാർഗ്ഗങ്ങൾ സാങ്കേതിക രീതി എന്നിവയെ കുറിച്ചുള്ള വിവരങ്ങളും, ടി മാർഗ്ഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിന്റെ യുക്തിയും.**

പദ്ധതി ബാധിത കുടുംബങ്ങൾക്കും വ്യക്തികൾക്കും പദ്ധതി മൂലമുണ്ടായേക്കാവുന്ന വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുക കൂടാതെ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ ഉദ്ദേശ്യം. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനാവശ്യമായ വിവരശേഖരണത്തിന് പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്.

പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിന്റെ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതിബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതിബാധിത കുടുംബങ്ങളിൽ ബന്ധപ്പെട്ടും കൂടാതെ പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാൽ പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാരീതിയെക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാകുന്നത്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ 08.04.2024 തീയതിയിൽ പൊതുമരാമത്ത് വകുപ്പ് പ്രതിനിധികൾക്കൊപ്പം പദ്ധതിപ്രദേശം സന്ദർശിക്കുകയും, പഠനത്തിന് വേണ്ടി തയ്യാറാക്കിയ ചോദ്യാവലി പരിശോധിച്ച് സ്ഥിരീകരിക്കുകയും ചെയ്തു. ഏറ്റെടുക്കുന്ന വസ്തുവിന്റെ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ

കാലാവധി, കുടുംബാംഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിൻെറ സാമ്പത്തിക-സാമൂഹിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും കുടുംബങ്ങൾക്കുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു. തുടർന്ന് ഏപ്രിൽ 8, 12, 16 തീയതികളിൽ പദ്ധതിബാധിതരാകുന്ന ഭൂവുടമകളുടെ ഭവന സന്ദർശനം നടത്തിയും ടെലിഫോണിൽ ബന്ധപ്പെട്ടും ടി ചോദ്യാവലി ഉപയോഗിച്ച് അഭിമുഖം നടത്തി വിവരങ്ങൾ ശേഖരിച്ചു.

പദ്ധതിയുമായ് ബന്ധപ്പെട്ട വിവരങ്ങൾ അർത്ഥനാധികാരിയായ പൊതുമരാമത്ത് വകുപ്പ് (നിരത്ത്) വിഭാഗം, തൃശ്ശൂർ എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ നിന്നും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുമായ് ബന്ധപ്പെട്ട വിവരങ്ങൾ സ്പെഷ്യൽ തഹസിൽദാർ, എൽ.എ (ജനറൽ), തൃശ്ശൂർ കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നിയമപരമായ ചട്ടക്കൂടുകളും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരമുള്ള നഷ്ടപരിഹാര നടപടികളെക്കുറിച്ചും പഠനസംഘം മനസ്സിലാക്കി.

സാമൂഹ്യ സാമ്പത്തിക സർവ്വെയിലൂടെയും അഭിമുഖത്തിലൂടെയും ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് ക്രോഡീകരിച്ച് തയ്യാറാക്കിയ സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ പദ്ധതിബാധിത കുടുംബങ്ങൾക്ക് മുൻകൂട്ടി അറിയിപ്പ് നൽകി സംഘടിപ്പിക്കുന്ന പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിച്ച് വിശകലനം ചെയ്യും. പബ്ലിക് ഹിയറിങ്ങിൽ പദ്ധതി ബാധിതർ ഉന്നയിക്കുന്ന അഭിപ്രായങ്ങളും ആശങ്കകളും ആയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്ന മറുപടിയും കൂടി ഉൾപ്പെടുത്തികൊണ്ടാണ് സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമരേഖ തയ്യാറാക്കുന്നത്.

**പഠനത്തിൻെറ വിവിധ ഘട്ടങ്ങൾ**

| തീയതി | ഘട്ടങ്ങൾ |
|---|---|
| 02.4.2024 | സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തികൊണ്ട് തൃശ്ശൂർ ജില്ലാ കളക്ടറുടെ വിജ്ഞാപനം കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി |
| 08.04.2024 | പദ്ധതി പ്രദേശത്ത് സംയുക്ത സന്ദർശനം † ചോദ്യാവലി പരിശോധന |

Rajagiri College of Social Science
Rajagiri P.O
Kalamassery
Kochi-683 104

| | |
|---|---|
| 08.04.2024 | ഗ്രാമ പഞ്ചായത്ത് സന്ദർശനവും വിവര ശേഖരണവും |
| 12.04.2024 | പദ്ധതിബാധിത കുടുംബങ്ങളിൽ സാമൂഹ്യ-സാമ്പത്തിക സർവെ |
| 16.04.2024 | പദ്ധതിബാധിത കുടുംബങ്ങളിൽ സാമൂഹ്യ-സാമ്പത്തിക സർവെ |
| 22.04.2024 | പ്രാഥമിക † ദ്വിതീയ വിവരങ്ങൾ വിശകലനം ചെയ്യൽ |
| 03.05.2024 | സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനം - കരട് റിപ്പോർട്ട് |
| 17.05.2024 | പബ്ലിക് ഹിയറിങ്ങ് |

### 3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാൽ പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാ രീതിയെക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാകുന്നത്. ആയതിനാൽ പഠന സംഘം പദ്ധതിപ്രദേശം മുഴുവനായും സന്ദർശിക്കുകയും പദ്ധതിബാധിതരാകുന്ന 122 കുടുംബങ്ങളെ കണ്ടെത്തുകയും, അവരിൽ നിന്ന് സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം നടത്തുകയും ചെയ്യു.

### 3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് പ്രാഥമികവും ദ്വിതീയവുമായ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിന്റെ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതിബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതിബാധിത കുടുംബങ്ങളിൽ ബന്ധപ്പെട്ടും പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. കൂടാതെ, പബ്ലിക് ഹിയറിങ്ങിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ പിന്നീട് ഇതോടൊപ്പം കൂട്ടിച്ചേർക്കുന്നതാണ്.

പദ്ധതിയുമായ് ബന്ധപ്പെട്ട വിവരങ്ങളും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ റവന്യൂ രേഖ പ്രകാരമുള്ള വിവരങ്ങളുമാണ് പഠനത്തിന് ആവശ്യമായ ദ്വിതീയ വിവരങ്ങൾ. അർത്ഥനാധികാരിയായ പൊതുമരാമത്ത് വകുപ്പ് (നിരത്ത്), തൃശ്ശൂർ, എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ നിന്നും, സ്പെഷ്യൽ തഹസിൽദാർ, എൽ.എ, (ജനറൽ), തൃശ്ശൂർ കാര്യാലയത്തിൽ നിന്നുമാണ് ദ്വിതീയ വിവരങ്ങൾ ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമവും അതിന്റെ വെളിച്ചത്തിൽ സംസ്ഥാന ഗവൺമെൻറ് കാലാകാലങ്ങളിൽ രൂപീകരിച്ചിട്ടുള്ള ചട്ടങ്ങളും നയങ്ങളും പരിശോധിച്ചു.

താഴെ പറയുന്ന സ്രോതസ്സുകളിൽ നിന്നുമാണ് പഠനസംഘം വിവരങ്ങൾ ശേഖരിച്ചത്.

| തരം | വിവരങ്ങൾ | സ്രോതസ്സ് |
|---|---|---|
| പ്രാഥമിക വിവരങ്ങൾ | • പദ്ധതി പ്രത്യാഘാതങ്ങൾ,<br>• പ്രദേശത്തിന്റെ പ്രത്യേകതകൾ,<br>• ഭൂമിയുടെ നിലവിലെ ഉപയോഗം,<br>• പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ | • പദ്ധതിബാധിത പ്രദേശം സന്ദർശനവും നിരീക്ഷണവും<br>• പദ്ധതിബാധിതരാകുന്ന ഭൂവുടമകളും അല്ലാത്തവരുമായ കുടുംബങ്ങളിൽ നിന്ന് സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം.<br>• പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം |
| ദ്വിതീയ വിവരങ്ങൾ | • പദ്ധതിയുമായ് ബന്ധപ്പെട്ട വിവരങ്ങൾ<br>• ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ റവന്യൂ രേഖ പ്രകാരമുള്ള വിവരങ്ങൾ | • തൃശ്ശൂർ, പൊതുമരാമത്ത് വകുപ്പ് (നിരത്ത്), എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയം<br>• സ്പെഷ്യൽ തഹസിൽദാർ, എൽ.എ, (ജനറൽ), തൃശ്ശൂർ കാര്യാലയം<br>• ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമവും ചട്ടങ്ങളും |

### 3.5. തത്പരകക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

*പഠനവുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ നടപടികളുടെ ചുരുക്കം:*

- ❖ അർത്ഥനാധികാരിയിൽ നിന്നും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും ലഭിച്ച വിവരങ്ങളുടെ പഠനം
- ❖ പദ്ധതി പ്രദേശത്ത് സന്ദർശനം
- ❖ പദ്ധതിബാധിത കുടുംബങ്ങളിൽ സർവ്വെ
- ❖ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് രേഖ തയ്യാറാക്കലും പ്രസിദ്ധപ്പെടുത്തലും

# അദ്ധ്യായം 4

# സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

## 4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

നിർദ്ദിഷ്ട പദ്ധതിയുടെ ഭാഗമായി നവീകരിക്കുന്ന തൃശ്ശൂർ - കുറ്റിപ്പുറം റോഡിൻെറ മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള റോഡിന് വേണ്ടി ഏറ്റെടുക്കുന്ന സ്ഥലങ്ങൾ / പ്രദേശങ്ങൾ കൈപ്പറമ്പ് ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്നു. മുണ്ടൂർ, പുറ്റേക്കര എന്നിവ ടി റോഡിലെ പ്രധാന സെൻററുകളാണ്. പദ്ധതിയുടെ ഭാഗമായി നവീകരിക്കുന്ന തൃശ്ശൂർ - കുറ്റിപ്പുറം സ്റ്റേറ്റ് ഹൈവെ കൈപ്പറമ്പ് പഞ്ചായത്തിനെ ജില്ലാ ആസ്ഥാനമായ തൃശ്ശൂർ നഗരവുമായി ബന്ധിപ്പിക്കുന്നു. ഒരു കാലത്ത് രത്നക്കൽ നിർമ്മാണ രംഗത്ത് പേരുകേട്ട കൈപ്പറമ്പ് ഗ്രാമ പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയാണ്. പുത്തൂർ തൃക്കോവിൽ ക്ഷേത്രം, ചീരോത്ത് മാപതി ക്ഷേത്രം, കൈപ്പറമ്പ്കാവ് കൊള്ളന്നൂർ മഹാവിഷ്ണു ക്ഷേത്രം, കുറുകവൽക്കാവ് നൈതിലക്കാവ് മഹാവിഷ്ണു ഭഗവതി ക്ഷേത്രം, ആണ്ടപറമ്പ് സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം, ആഞ്ഞൂർ അയ്യപ്പങ്കാവ്, വെട്ടിക്കാവ് ക്ഷേത്രം, പെരിങ്ങാവൂർ പിഷാരിക്കൽ ക്ഷേത്രം, മുണ്ടയൂർ ശിവക്ഷേത്രം, തുടങ്ങിയവ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന പ്രധാന ക്ഷേത്രങ്ങളാണ്. കർമ്മല മാതാവിൻെറ പ്രതിഷ്ഠയുള്ള കാർമൽ ചർച്ച് മുണ്ടൂർ പള്ളി പഞ്ചായത്തിൽ സ്ഥാപിതമായ ആദ്യത്തെ ക്രിസ്ത്യൻ ദേവാലയമാണ്. സെൻറ് മേരീസ് ചർച്ച്, പേരാമംഗലം, സെൻറ് ജോസഫ് ചർച്ച്, ആറമ്പിള്ളി, ക്ലാരിസ്റ്റ് കോൺവെൻറ്, പുറ്റേക്കര, സിസ്റ്റേഴ്സ് ഓഫ് സെൻറ് ഫ്രാൻസിസ് ഓഫ് സേക്രട്ട് ഹാർട്ട്, മുണ്ടൂർ, പാപ്പാ നഗർ സൊസൈറ്റി പെരിങ്ങന്നൂർ, മരിയവൻ കോൺവെൻറ്, പേരാമംഗലം, മദർ ഓഫ് പ്രൊട്ടക്ഷൻ, ആറമ്പിള്ളി, എന്നീ കോൺവെൻറുകളും ഈ പ്രദേശത്തുണ്ട്. കൈപ്പറമ്പ് മുസ്ലീം പള്ളി ഇവിടത്തെ പ്രസിദ്ധ മുസ്ലീം ദേവാലയമാണ്.

## 4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല)

നിർദ്ദിഷ്ട പദ്ധതി നിലവിൽ വരുമ്പോൾ യാത്രക്കാർക്ക് യാത്രാസമയം, ഇന്ധനചെലവ്, ഗതാഗത തടസം എന്നിവ കുറയും. കൂടാതെ, ഏറ്റവും പ്രധാനമായി പ്രദേശത്ത്

ഇടക്ക് ഉണ്ടാവാറുള്ള അപകടങ്ങൾ കുറഞ്ഞ് റോഡ് യാത്രികരുടെ സുരക്ഷാസാധ്യതകൾ വളരെയധികം മെച്ചപ്പെടുകയും ചെയ്യും. എന്നിരുന്നാലും പദ്ധതിക്ക് വേണ്ടി തൃശ്ശൂർ താലൂക്കിലെ അഞ്ഞൂർ വില്ലേജിൽ നിന്നും ഏകദേശം 1.0987 ഹെക്ടർ സ്ഥലം ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്കും ടി ഭൂമിയെ ആശ്രയിച്ച് ജീവിക്കുന്ന ഏതാനും കുടുംബങ്ങൾക്കും വിവിധങ്ങളായ വിപരീത പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ ഇടയുണ്ടെന്ന് സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനസംഘം മനസിലാക്കുന്നു. പദ്ധതി മൂലം കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ അദ്ധ്യായം 1 ൽ 1.5 ൽ വിശദമായി നൽകിയിട്ടുണ്ട്.

**4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി**

പദ്ധതിയുടെ അർത്ഥനാധികാരിയായ പൊതുമരാമത്ത് വകുപ്പ് (നിരത്ത്) വിഭാഗം, തൃശ്ശൂർ, എക്സിക്യൂട്ടീവ് എൻജിനീയർ സമർപ്പിച്ച അർത്ഥനാപത്രത്തിൽ 1.0987 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നതായി പറയുന്നത്. പദ്ധതിക്ക് ആവശ്യമായ സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നതിന് അടയാളപ്പെടുത്തിയിരിക്കുന്നത് എന്ന് പദ്ധതി പ്രദേശം സന്ദർശിച്ചതിന്റെ വെളിച്ചത്തിൽ പഠന സംഘം വിലയിരുത്തുന്നു.

**4.4. പദ്ധതി ബാധിത പ്രദേശത്തിന്റെ സമീപത്ത് പൊതു വിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിന്റെ നിലവിലെ ഉപയോഗം**

ബസ് കാത്തിരിപ്പ് കേന്ദ്രം, പഞ്ചായത്ത് റോഡ് എന്നിവ ഒഴികെ പ്രദേശവാസികൾ പൊതു ആവശ്യത്തിനായി ഉപയോഗിക്കുന്ന മറ്റ് സ്ഥലങ്ങൾ ഒന്നും ഏറ്റെടുക്കപ്പെടുന്ന പ്രദേശത്ത് ഇല്ല.

**4.5 നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിന്റെയും പദ്ധതിപ്രകാരമുള്ള ഉപയോഗം**

പദ്ധതിക്ക് വേണ്ടി നേരത്തേ ഭൂമി വാങ്ങുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല. എന്നാൽ 14 ഭൂവുടമകൾ തങ്ങളുടെ ഭൂമി നിലവിൽ പണയത്തിലാണ് എന്ന് അറിയിച്ചിട്ടുണ്ട്.

**4.6. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ ഗുണവും പ്രദേശവും**

നാളത് ഭൂസ്ഥിതി പ്രകാരം തൃശ്ശൂർ താലൂക്കിലെ അഞ്ഞൂർ വില്ലേജിൽ നിന്നും ഏറ്റെടുക്കുന്ന സ്ഥലങ്ങളിൽ ഭൂരിഭാഗവും പുരയിടം വിഭാഗത്തിലും, ചെറിയൊരു ശതമാനം നിലം വിഭാഗത്തിലും ഉൾപ്പെടുന്നു. റോഡിനിരുവശത്തു നിന്നും ഏറ്റെടുക്കുന്ന സ്ഥലങ്ങൾ പ്രധാനമായും ഭൂവുടമകൾ താമസത്തിനൊ, വ്യാപാര വ്യവസായ സ്ഥാപനങ്ങൾ നടത്തുന്നതിനൊ ഉപയോഗിച്ചു വരുന്നു.

**4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ**

വിജ്ഞാപനം ചെയ്യപ്പെട്ട സർവ്വെ നമ്പറുകളുടെ 122 ഉടമകളെയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തി സർവ്വെ ചെയ്തത്. ടി ഉടമകളിൽ നിന്ന് ലഭിച്ച വിവരമനുസരിച്ച് പദ്ധതിബാധിത സ്ഥലങ്ങൾ ഏതേത് വിഭാഗത്തിൽ പെടുന്നു എന്ന് താഴെ പറയുന്നു.

**പദ്ധതിബാധിത ഭൂമിയുടെ തരം**

സർവ്വെയിൽ പങ്കെടുത്ത് വിവരം നൽകിയ ഭൂവുടമകളിൽ, 100 ഭൂവുടമകൾ തങ്ങളുടെ സ്ഥലം പുരയിടം വിഭാഗത്തിൽ ഉൾപ്പെടുന്നതാണെന്നും, 3 ഭൂവുടമകൾ നിലം വിഭാഗത്തിൽ ഉൾപ്പെടുന്നതാണെന്നും അറിയിച്ചു. കൂടാതെ, 19 ഭൂവുടമകൾക്ക് ഭൂമിയുടെ തരത്തെ കുറിച്ച് അറിവുണ്ടായിരുന്നില്ല.

**പദ്ധതിബാധിത ഭൂമിയുടെ ഉപയോഗം**

പദ്ധതിബാധിതമാകുന്ന ഭൂമിയുടെ നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ, 52 ഭൂവുടമകൾ (43%) ഈ സ്ഥലം താമസത്തിനും, 46 ഭൂവുടമകൾ (38%) വാണിജ്യ / വ്യവസായിക ആവശ്യത്തിനും, 8 ഭൂവുടമകൾ (6%) താമസത്തിനും അതോടൊപ്പം വാണിജ്യാവശ്യത്തിനും, 9 പേർ (7%) മറ്റ് ആവശ്യങ്ങൾക്കും അതായത് വഴിയായും, പോസ്റ്റോഫീസ്, സ്കൂൾ, കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നീ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും ഉപയോഗിച്ചു വരുന്നു. എന്നിരുന്നാലും, 7 ഉടമകളുടെ (6%) സ്ഥലങ്ങൾ തരിശ് ഭൂമിയാണ്.

### 4.8. കൈവശ ഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സർവ്വെ നമ്പറുകളിലുള്ള, സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തിയ 122 ഭൂവുടമകളിൽ 103 ഉടമകളുടേത് വ്യക്തിഗത ഉടമസ്ഥതയിലുള്ള സ്ഥലങ്ങളാണ്. ഇതിൽ മരണപ്പെട്ട വ്യക്തികളുടെ പേരിലുള്ള സ്ഥലവും ഉൾപ്പെടും. കൂടാതെ, പദ്ധതി ബാധിതമാകുന്ന 11 വസ്തുക്കൾ രണ്ടോ അതിലധികമോ പേരുടെ കൂട്ടുടമസ്ഥതയിലുള്ളതും, മറ്റ് 8 വസ്തുക്കൾ ചർച്ച്, കോൺവെൻറ്, സ്കൂൾ, സൊസൈറ്റി, കമ്പനി തുടങ്ങിയ സ്ഥാപനങ്ങളുടെ പേരിലുള്ളതും ആയ സ്ഥലമാണ്.

നിർദ്ദിഷ്ട സ്ഥലങ്ങൾ ഉടമകൾക്ക് കൈവശമായ രീതി പരിശോധിക്കുമ്പോൾ, ഏകദേശം 64 ഉടമകൾ ടി സ്ഥലങ്ങൾ വിവിധ കാലയളവുകളിലായി വാങ്ങിയതും 48 ഉടമകൾക്ക് തങ്ങളുടെ പൂർവ്വികരിൽ നിന്നും കൈവശമായതുമാണ്. എന്നാൽ 10 ഉടമകളിൽ നിന്നും ഇതുമായ ബന്ധപ്പെട്ട വിവരങ്ങൾ ഒന്നും ലഭ്യമായിട്ടില്ല.

ഭൂവുടമകൾക്ക് പദ്ധതിബാധിത ഭൂമി കൈവശമായ വർഷം പരിശോധിച്ചാൽ, ഏകദേശം 7 ശതമാനം ഉടമകൾക്ക് ഭൂമി കൈവശമായിട്ട് 5 വർഷത്തിൽ താഴെയും, 52 ശതമാനം ഉടമകൾക്ക് 5 വർഷത്തിനും 30 വർഷത്തിനും ഇടയിലും, 29 ശതമാനം ഭൂവുടമകൾക്ക് 30 വർഷത്തിനും 60 വർഷത്തിനും ഇടയിലുമാണ്. എന്നാൽ, 60 വർഷത്തിനു മുകളിലായി ടി ഭൂമി സ്വന്തം പേരിലുള്ളവർ 12 ശതമാനം മാത്രമാണ്.

**ഉടമകൾക്ക് പദ്ധതി പ്രദേശത്ത് കൈവശമായ ഭൂമിയുടെ അളവ്**

ഇതുമായി ബന്ധപ്പെട്ട് വിവരം നൽകിയ 94 ഭൂവുടമകളിൽ, ഏകദേശം 48 ഉടമകൾക്ക് കൈവശമായ ഭൂമിയുടെ അളവ് 10 സെൻറിൽ താഴെയാണ്. എന്നാൽ, 21 ഉടമകൾക്ക് 10 സെൻറിനും 25 സെൻറിനും ഇടയിലും, ഏകദേശം 12 വീതം ഭൂവുടമകൾക്ക് 25 സെൻറിനും 50 സെൻറിനും ഇടയിലും, 50 സെൻറിനും ഒരു ഏക്കറിനും ഇടയിലും ആണ് കൈവശ ഭൂമിയുടെ അളവ്. രണ്ട് ഏക്കറിന് മുകളിൽ ഭൂമി കൈവശമായിട്ടുള്ള ഒരു ഭൂവുടമയുണ്ട്.

പദ്ധതിബാധിതരാകുന്ന ഭൂവുടമകളിൽ 52 ഉടമകൾ പ്രസ്തുത സ്ഥലം താമസത്തിനു മാത്രമായി ഉപയോഗിക്കുന്നു. എന്നാൽ 8 ഭൂവുടമകൾ ടി സ്ഥലം താമസിത്തിനും

കച്ചവട/വ്യവസായിക ആവശ്യത്തിനുമായി ഉപയോഗിക്കുന്നു. പദ്ധതി ബാധിത ഭൂമിയിൽ താമസിക്കുന്ന 60 ഭൂവുടമകളിൽ, 9 ഭൂവുടമകൾ തങ്ങളുടെ വീടുകൾ പദ്ധതി ബാധിതമാകുമെന്ന ആശങ്ക അറിയിച്ചു. പദ്ധതിബാധിതമാകുന്ന വീടുകളുടെ വിവരങ്ങൾ പട്ടിക 4.8.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.8.1 പദ്ധതിബാധിതമാകാൻ സാധ്യതയുള്ള വീടുകൾ**

| *ക്രമ നമ്പർ* | *ഉടമയുടെ പേര്* | *ആഘാതം* | *വിവരണം* |
|---|---|---|---|
| 1 | അൽഫോൺസ ജോർജ്ജ് 9995139295/0487 2214403 | പൂർണ്ണമായും | കുടുംബം താമസിക്കുന്നു |
| 2 | കുട്ടപ്പൻ എ.ആർ 9995317812 (കണ്ണൻ) | ഭാഗികം | വാടകക്കാർ താമസിക്കുന്നു. |
| 3 | പാറുക്കുട്ടി, 6238558449 | ഭാഗികം | കുടുംബം താമസിക്കുന്നു |
| 4 | ആൻറണി ടോണി 9524265083 | ഭാഗികം | കുടുംബം താമസിക്കുന്നു |
| 5 | സി,വി.ലോറൻസ് 9895129757 | ഭാഗികം | കുടുംബം താമസിക്കുന്നു |
| 6 | ജോസ് എ.കെ 9495781691 | ഭാഗികം | കുടുംബം താമസിക്കുന്നു |
| 7 | ജെയിംസ്, 8547414953 | ചെറിയ തോതിൽ | കുടുംബം താമസിക്കുന്നു |
| 8 | റോസി.വി.റ്റി (late) തരകൻ ഹൗസ് 9747313198 | ചെറിയ തോതിൽ (ചവിട്ടൽ പടി, മുകളിലെ ഷീറ്റ്) | കുടുംബം താമസിക്കുന്നു |
| 9 | ജോൺസൺ സി.കെ 9400486750 | ചെറിയ തോതിൽ (വീടിൻെറ കോർണർ) | കുടുംബം താമസിക്കുന്നു |

**4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും**

സർവ്വെയിൽ ലഭ്യമായ വിവരമനുസരിച്ച് പദ്ധതിബാധിതമാകുന്ന ഭൂവുടമകളിൽ 2 ഭൂവുടമകളുടെ പദ്ധതി ബാധിതമാകുന്ന ഭൂമിയിൽ കഴിഞ്ഞ 3 വർഷക്കാലമായി ഭൂമി കൈമാറ്റമോ വ്യവഹാരങ്ങളോ നടന്നിട്ടുള്ളതായി അറിയിച്ചു. റോസി വി.ടി എന്ന ഭൂവുടമ എഴുതിവച്ച വിൽപത്രം അവരുടെ മരണ ശേഷം മക്കളുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് പക്ഷെ മാറ്റിയിട്ടില്ല. മറ്റൊന്ന്, രണ്ട് പേരുടെ പേരിലുണ്ടായിരുന്ന ഭൂമി, അതിൽ ഒരാളുടെ (രഞ്ചൻ ജോർജ്) പേരിലേക്ക് മാറ്റിയിട്ടുണ്ട്.

# അദ്ധ്യായം – 5

## ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ – കുറ്റിപ്പുറം റോഡിൻെറ മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള 1.88 കിലോമീറ്റർ റോഡിലെ നവീകരണ പ്രവർത്തനങ്ങൾക്കായി അഞ്ഞൂർ വില്ലേജിൽ നിന്നും ഏകദേശം 1.0987 ഹെക്ടർ സ്ഥലം ഏറ്റെടുക്കുമ്പോൾ പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളുടെ വിവരങ്ങളും അവർക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

### 5.1. കുടുംബങ്ങളുടെ എണ്ണം

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകളെ പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരായും ഉപജീവനത്തിനായോ താമസത്തിനായോ മറ്റേതെങ്കിലും അടിസ്ഥാനസൗകര്യങ്ങൾക്ക് വേണ്ടിയോ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങളെ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായും കാണേണ്ടതാണ്. തൃശ്ശൂർ – കുറ്റിപ്പുറം റോഡിൻെറ മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള ഭാഗം നാല് വരി പാതയായി നവീകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായി പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളുണ്ടെന്ന് മനസിലാക്കുന്നു.

#### 5.1.1. പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ (ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾ)

2024 ഏപ്രിൽ 2 തിയ്യതിയിലെ കേരള ഗസറ്റ് (അസാധാരണം) വാല്യം 13, നമ്പർ 1239 ൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം നമ്പർ DCTSR/3150/2018-E4-Part (1) പ്രകാരം തൃശ്ശൂർ – കുറ്റിപ്പുറം സംസ്ഥാന പാതയുടെ മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള റോഡിൻെറ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി തൃശ്ശൂർ താലൂക്കിലുള്ള അഞ്ഞൂർ വില്ലേജിൽ നിന്നും ഏകദേശം 1.0987 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുന്നത്. പ്രസ്തുത സ്ഥലങ്ങളുടെ ഉടമകളായ 122 കുടുംബങ്ങളെയാണ് സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തിയത്. പ്രസ്തുത ഉടമകളുടെ പേരും

ഓരോരുത്തർക്കും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും പട്ടിക 5.1.1ൽ നൽകിയിരിക്കുന്നു

**പട്ടിക 5.1.1 ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ**

| *ക്രമ നമ്പർ* | *ഉടമയുടെ പേര്, അഡ്രസ്സ് & ഫോൺ നമ്പർ* | *സർവ്വെ നമ്പർ* | *പ്രത്യാഘാതം* |
|---|---|---|---|
| 1 | ജോബി ജോർജജ്<br>നിലങ്കാവിൽ ഹൗസ്<br>പേരാമംഗലം.പി.ഒ -68054.<br>9847753313 | -- | വ്യാപാര സ്ഥാപനത്തിൻെറ ചുറ്റുമതിൽ, ഗേറ്റ്, കിണർ, ഷെഡ്, തെങ്ങ് |
| 2 | ജോൺ കുന്നത്ത്<br>കുന്നത്ത് ഹൗസ്, അഞ്ഞൂർ,<br>മുണ്ടൂർ, പുറ്റേക്കര<br>9633407738/8138977757 | -- | ചുറ്റുമതിൽ, ഗേറ്റ്, തെങ്ങ് 3, കൊന്ന |
| 3 | ശാന്താ ജോബ്<br>ചിറ്റിലപ്പിള്ളി, അഞ്ഞൂർ മുണ്ടൂർ,<br>പുറ്റേക്കര, 9048810507 | -- | സ്ഥലം |
| 4 | രാമചന്ദ്രൻ<br>'വനമാല', അഞ്ഞൂർ, മുണ്ടൂർ<br>തൃശ്ശൂർ, 9447024224/9495994224 | 123/11 | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്, തെങ്ങ്, മാവ് 4 |
| 5 | ദീപക് ആർ ചന്ദ്രൻ<br>'വനമാല', അഞ്ഞൂർ, മുണ്ടൂർ<br>തൃശ്ശൂർ, 9447024224/9495994224 | 123/11 | സ്ഥലം, ചുറ്റുമതിൽ, തെങ്ങ്, മാവ് |
| 6 | ശശിധരൻ (ബാംഗ്ലൂർ)<br>ഞാറക്കാട്ട് ഹൗസ്<br>C/o രാമചന്ദ്രൻ, 'വനമാല'<br>അഞ്ഞൂർ, മുണ്ടൂർ, തൃശ്ശൂർ<br>9447024224/9495994224 | 123/11 | സ്ഥലം, ചുറ്റുമതിൽ, തെങ്ങ് 4, മാവ് 5 |
| 7 | രാധാകൃഷ്ണൻ,<br>അരുൺകൃഷ്ണ,<br>അർജ്ജുൻ കൃഷ്ണ<br>ആലത്തുകാട്ടിൽ ഹൗസ്<br>ഇഞ്ചമുടി.പി.ഒ, തൃശ്ശൂർ<br>9961484343/8848575958 | 123/11 | ചുറ്റുമതിൽ, തെങ്ങ് |

| | | | |
|---|---|---|---|
| 8 | തങ്കമ്മ വർഗ്ഗീസ്<br>തരകൻ ഹൗസ്, അഞ്ഞൂർ,<br>മുണ്ടൂർ, പുറ്റേക്കര, 9895808421 | 100/7 | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ് |
| 9 | പോൾ തരകൻ<br>തരകൻ ഹൗസ്, അഞ്ഞൂർ<br>മുണ്ടൂർ, പുറ്റേക്കര, 8129165800 | -- | സ്ഥലം, 2 കുടുംബങ്ങളുടെ വീടുകളിലേയ്ക്കുള്ള വഴി |
| 10 | ലില്ലി ജോസ്<br>ചിരിയൻകണ്ടത്ത് ഹൗസ്<br>അഞ്ഞൂർ, മുണ്ടൂർ, 9495631943 | -- | സ്ഥലം, ടൈൽ ഇട്ട മുറ്റം |
| 11 | കെ.പി.ശാന്തമ്മ<br>കപ്പടത്ത് പുത്തൻ വീട്ടിൽ<br>അഞ്ഞൂർ, മുണ്ടൂർ.പി.ഒ<br>പുറ്റേക്കര, 9447829250 | 102/2 | സ്ഥലം |
| 12 | ദ്രൗപതി പ്രഭാകരൻ<br>പണിക്കപ്പറമ്പിൽ ഹൗസ്<br>അഞ്ഞൂർ, മുണ്ടൂർ, പുറ്റേക്കര<br>9562795663/8136856710 | -- | 2 നില കെട്ടിടം ചെറിയ തോതിൽ<br>(കടയുടെ മുൻഭാഗത്തെ വരാന്ത) |
| 13 | എൽസി<br>ചിറ്റിലപ്പിള്ളി ഹൗസ്, അഞ്ഞൂർ,<br>മുണ്ടൂർ, 7736166440 (ജിറ്റോ) | | 2 നില കെട്ടിടം ചെറിയ തോതിൽ<br>(കടയുടെ മുൻഭാഗത്തെ വരാന്ത) |
| 14 | കുട്ടൻ<br>പൊയലിൽ ഹൗസ്<br>പുറ്റേക്കര, 9446725341 | -- | 2 നില കെട്ടിടം ചെറിയ തോതിൽ (കടയുടെ മുൻഭാഗത്തെ വരാന്ത) |
| 15 | സെക്രട്ടറി<br>മുണ്ടൂർ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, അഞ്ഞൂർ, മുണ്ടൂർ<br>9895492825/0487-2211227 | 123/8 | 2 നില കെട്ടിടം (ബാങ്ക്)<br>2 മുറികൾ പൂർണ്ണമായും |
| 16 | ചന്ദ്രൻ കെ.എ.<br>കൈപ്പറമ്പിൽ ഹൗസ്<br>അഞ്ഞൂർ, മുണ്ടൂർ, 7907536041 | 123/11 | കട ഭാഗികമായി, ചുറ്റുമതിൽ, ഗേറ്റ് |
| 17 | തോമസ് ചാക്കു<br>ചൊവ്വല്ലൂർ ഹൗസ്, അഞ്ഞൂർ<br>മുണ്ടൂർ, പുറ്റേക്കര, 9895296519 | 100/4 | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ് |
| 18 | ബിജോയ് ജെ ആലപ്പാട്ട്<br>ആലപ്പാട്ട് ഹൗസ്, അഞ്ഞൂർ,<br>മുണ്ടൂർ, 9495046156 | -- | ചുറ്റുമതിൽ, ഗേറ്റ്, തെങ്ങ് |

| | | | |
|---|---|---|---|
| 19 | സിജൻ.എ.സി<br>ആറേക്കാട്ടിൽ ഹൗസ്<br>അഞ്ഞൂർ, മുണ്ടൂർ, പുറ്റേക്കര,<br>9656360606 | -- | സ്ഥലം, ടൈൽ ഇട്ട മുറ്റം |
| 20 | ജോർജ്ജ് പി.ഐ<br>പുതൂർക്കര തെക്കേക്കര ഹൗസ്<br>അഞ്ഞൂർ, മുണ്ടൂർ, 9497800435 | -- | 2 നില കെട്ടിടം മുൻവശം ചെറിയ തോതിൽ (പഴയ കെട്ടിടമായതുകൊണ്ട് പൂർണ്ണമായും ബാധിക്കാൻ സാധ്യതയുണ്ട്) |
| 21 | ദേവസ്സി പി.ഐ<br>പുതൂർക്കര തെക്കേക്കര ഹൗസ്<br>അഞ്ഞൂർ, മുണ്ടൂർ, 9447253113 | -- | ഓഫീസ് -- മുൻവശം ചെറിയ തോതിൽ |
| 22 | പി.വി. ഹരിപ്രിയൻ<br>പാമ്പുങ്ങൽ ഹൗസ്<br>പോന്നൂർ പി.ഒ, 9526415292 | -- | കടകളുടെ മുൻവശം ഷീറ്റ്, തൂണ്, പാർക്കിംഗ് ഏരിയ ചെറിയ തോതിൽ |
| 23 | മേരി സൈമൺ<br>ചിറ്റിലപ്പിള്ളി ഹൗസ്, അഞ്ഞൂർ,<br>മുണ്ടൂർ പി.ഒ, 9495884878 | 124/6 | ചുറ്റുമതിൽ, ഗേറ്റ് |
| 24 | ജോവിൻ ജോജി മുതൽപേർ<br>മേക്കാട്ടുകുളം ഹൗസ്<br>അഞ്ഞൂർ, മുണ്ടൂർ പി.ഒ<br>9656918354 | 129/9 | ചുറ്റുമതിൽ, ഗേറ്റ്, മാവ്, കശുമാവ്, തെങ്ങ്, കൊടമ്പുളി, വാഴ |
| 25 | തങ്കമ്മ ലോറൻസ്<br>എടക്കളത്തൂർ എസ്റ്റേറ്റ്സ് &<br>പ്രോപർട്ടി ഡെവലപ്പ്മെൻറ്<br>ലിമിറ്റഡ്, 9847445577/9495994557 | -- | സ്ഥലം |
| 26 | ജെയിംസ് എം.കെ<br>മുരിങ്ങത്താൻ ഹൗസ്<br>പി.ഒ അഞ്ഞൂർ, മുണ്ടൂർ<br>പുറ്റേക്കര, 9605901134 | 239/6 | കച്ചവടം<br>കട ഭാഗികമായി |
| 27 | ഫെബിൻ ഫ്രാൻസിസ്സ്<br>പ്രൈം സ്റ്റാർ ഡയമണ്ട്<br>മുണ്ടൂർ,<br>8547580997/9207447916 | -- | ചുറ്റുമതിൽ, ഗേറ്റ്, കെട്ടിടം ഭാഗികമായി |
| 28 | ബാബു പി.വി<br>പാമ്പുങ്ങൽ ഹൗസ്<br>പോന്നൂർ പി.ഒ, 7902668246 | -- | 3 കട മുറികൾ ചെറിയ തോതിൽ |

| | | | |
|---|---|---|---|
| 29 | കുട്ടപ്പൻ എ.ആർ<br>ആലൂക്കാരൻ ഹൗസ്<br>മുണ്ടൂർ പി.ഒ, 9995317812<br>(കണ്ണൻ) | -- | രണ്ട് നില വീട് ഭാഗികമായി (വാടകക്കാർ താമസിക്കുന്നു), കിണർ, ഒറ്റ റൂം കമ്പനി |
| 30 | കെ.പി.സണ്ണി<br>കാഞ്ഞിരപ്പറമ്പിൽ ഹൗസ്<br>മുണ്ടൂർ പി.ഒ, തൃശ്ശൂർ,<br>9895177216 | 332/20 | കച്ചവടം<br>2 നില കെട്ടിടം ചെറിയ തോതിൽ |
| 31 | ഹസ്സൻ<br>9447081385 | -- | കടയുടെ മുൻവശം ചെറിയ തോതിൽ |
| 32 | എം.കെ ജോസ്<br>മാളിയേക്കൽ ഹൗസ്, മുണ്ടൂർ പി.ഒ, തൃശ്ശൂർ, 9497625640 | 332/14 | ചുറ്റുമതിൽ, വർക്ക്ഷോപ്പ് ചെറിയ തോതിൽ |
| 33 | സജോ ജോർജ്ജ്<br>മേക്കാട്ടുകുളം ഹൗസ്<br>മുണ്ടൂർ പി.ഒ, തൃശ്ശൂർ,<br>8301056640 | -- | വ്യവസായം ചെറിയ തോതിൽ |
| 34 | ജോർജ്ജ് പി. റ്റി<br>പാലയൂർ ഹൗസ്,മുണ്ടൂർ പി.ഒ,<br>0485 2214099/6238347303 | 332/20 | കട ചെറിയ തോതിൽ |
| 35 | ജോൺസൺ & ജെസ്സി<br>ചിരിയൻകണ്ടത്ത് ഹൗസ്<br>മുണ്ടൂർ പി.ഒ<br>തൃശ്ശൂർ, 9562690912 | -- | കട ചെറിയ തോതിൽ (സൺ ഷേഡ്), കച്ചവട സ്ഥാപനത്തിനോട് ചേർന്നുള്ള കോൺക്രീറ്റ് നിർമ്മിതി ഭാഗികമായി |
| 36 | ജോസ് പി.എ<br>പാലക്കൽ ഹൗസ്<br>മുണ്ടൂർ.പി.ഒ, 9747238611 | 218/6.2 | കട ചെറിയ തോതിൽ |
| 37 | ഡേവിസ് & ഷീല<br>വേലുപാറയിൽ ഹൗസ്<br>മുണ്ടൂർ.പി.ഒ, തൃശ്ശൂർ, 9446835318 | 344/8 | സ്ഥലം |
| 38 | ജെയിംസ്<br>വാഴപ്പള്ളിൽ ഹൗസ്,<br>മുണ്ടൂർ.പി.ഒ, തൃശ്ശൂർ, 8547414953 | 447/1 | വീട്, കട ചെറിയ തോതിൽ |
| 39 | ബെന്നി ജോസ്<br>പനക്കൽ ഹൗസ്, മുണ്ടൂർ.പി.ഒ<br>തൃശ്ശൂർ, 9946967778 | -- | കട ചെറിയ തോതിൽ |

| | | | |
|---|---|---|---|
| 40 | അൽഫോൺസ ജോർജ്ജ്<br>ചിറ്റിലപ്പിള്ളി ഹൗസ്<br>മുണ്ടൂർ പി.ഒ<br>9995139295/0487 2214403 | 219/4 | വീട്, കട പൂർണ്ണമായും |
| 41 | കൊച്ചുമേരി, സിനി, ബ്ലെസ്സി,<br>സഞ്ജന, ജോൺ<br>പാണക്കാട് ഹൗസ്<br>പഴമുക്കു പി.ഒ, അഞ്ഞൂർ<br>9447107813 | 332/11 | സ്ഥലം |
| 42 | രവി.പി.എൽ<br>പടിഞ്ഞാറേ മടക്കാവ്.പി.ഒ<br>മുണ്ടൂർ, 7012053070/9809731215 | 316/9<br>316/9.1 | കടയോട് ചേർന്നുള്ള ഇലക്ട്രിക്<br>പോസ്റ്റ് ബോർഡ് ചെറിയ<br>തോതിൽ |
| 43 | മേരി<br>പുതൂർക്കര ഹൗസ്<br>മുണ്ടൂർ പി.ഒ, 9744184573 | -- | കച്ചവടം<br>2 നില കെട്ടിടം ചെറിയ<br>തോതിൽ |
| 44 | ശശി.പി.പി<br>പുറ്റേക്കര, മുണ്ടൂർ പി.ഒ,<br>9846569665 | 332 | സ്വർണ്ണ കട ചെറിയ തോതിൽ |
| 45 | മൗണ്ട് കാർമ്മൽ ചർച്ച്<br>ജെയിംസ് (കൈക്കാരൻ)<br>മുണ്ടൂർ, 9746141551 (വികാരി) | | പള്ളിയോടനുബന്ധിച്ചുള്ള<br>ഷോപ്പിംഗ് കോംപ്ലക്സ് |
| 46 | റോസി.വി.റ്റി (late)<br>തരകൻ ഹൗസ്, മുണ്ടൂർ.പി.ഒ,<br>തൃശ്ശൂർ, 9747313198 | -- | വീട് ചെറിയ തോതിൽ (ചവിട്ടൽ<br>പടി, മുകളിലെ ഷീറ്റ്) |
| 47 | രഞ്ജൻ ജോർജ്ജ്.റ്റി &<br>അനിത സി.എസ്<br>തേക്കാനത്ത് ഹൗസ്<br>അഞ്ഞൂർ പി.ഒ, മുണ്ടൂർ,<br>9447918366 | 332/20 | ഫർണ്ണിച്ചർ കടയുടെ മുൻ ഭാഗം |
| 48 | രഞ്ജൻ ജോർജ്ജ്.റ്റി<br>മരിയ മെഡിക്കൽസ്<br>തേക്കാനത്ത് ഹൗസ്, അഞ്ഞൂർ<br>പി.ഒ, മുണ്ടൂർ, 9447918366 | -- | മെഡിക്കൽ ഷോപ്പ് ചെറിയ<br>തോതിൽ |
| 49 | പ്രഭാകരൻ.കെ.കെ (late)<br>കിഴക്കേവീട്ടിൽ ഹൗസ്<br>മുണ്ടൂർ.പി.ഒ, 8907193049 | 215/23 | കട ചെറിയ തോതിൽ |

| | | | |
|---|---|---|---|
| 50 | പി.എ.മാധവൻ & സാവിത്രി<br>പെരുവഴിക്കാട്ട് ഹൗസ്<br>മുണ്ടൂർ, തൃശ്ശൂർ, 9447618111 | | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്, മാവ് |
| 51 | പോസ്റ്റ് ഓഫീസ് &<br>വായനശാല, Opp. മുണ്ടൂർ<br>സർവ്വീസ് ബാങ്ക് | | ചുറ്റുമതിൽ, ഗേറ്റ് |
| 52 | ഷാജി.പി.വി<br>വട്ടപ്പറമ്പിൽ ഹൗസ്<br>അഞ്ഞൂർ മുണ്ടൂർ<br>തൃശ്ശൂർ, 7034645213 | | കട ചെറിയ തോതിൽ |
| 53 | സന്തോഷ്.കെ.വി<br>കരിമതിൽ ഹൗസ്,<br>അഞ്ഞൂർ.പി.ഒ, മുണ്ടൂർ,<br>9544741145 | -- | കടയുടെ ചുറ്റുമതിൽ, ഗേറ്റ് |
| 54 | മേഘ രാജീവ്<br>9447419695 | -- | 2 നില കെട്ടിടം ഭാഗികമായി |
| 55 | സി.ജി.ശാന്തകുമാർ<br>ചവറാട്ടിൽ ഹൗസ്<br>പേരമംഗലം.പി.ഒ, 9947478591 | -- | സ്ഥലം, കുഴൽകിണർ |
| 56 | ശിവരാമൻ<br>9633363333 | -- | സ്ഥലം, വ്യാപാര സ്ഥാപനത്തിന്റെ ചുറ്റുമതിൽ, ഗേറ്റ് |
| 57 | ജോഫി ചിറ്റിലപ്പിള്ളി | -- | സ്ഥലം, ചുറ്റുമതിൽ |
| 58 | എം.കെ.രാജൻ<br>മെലിറ്റ്, പാലത്തിങ്കൽ | -- | സ്ഥലം, ചുറ്റുമതിൽ |
| 59 | ലിയോൺ ജോസ്<br>ചിറ്റിലപ്പിള്ളി ഹൗസ്, അഞ്ഞൂർ<br>മുണ്ടൂർ.പി.ഒ, 9744288859 | -- | സ്ഥലം, ചുറ്റുമതിൽ,<br>വീട്ടിലേയ്ക്കുള്ള വഴി |
| 60 | ജിജോ<br>മേക്കാട്ടുകുളം, അഞ്ഞൂർ,<br>മുണ്ടൂർ.പി.ഒ, 9495222727 | 95/13 | കട ഭാഗികമായി, സ്റ്റെപ്പ്,<br>സൺഷേഡ് |
| 61 | ജോസ് സൈമൺ<br>മേക്കാട്ടുകുളം, അഞ്ഞൂർ<br>മുണ്ടൂർ.പി.ഒ, 9895525208 | 84/3 | കടയുടെ സ്റ്റെപ്പ്, സൺഷേഡ് |
| 62 | സേവ്യർ & ജോസ്<br>പാലയൂർ, അഞ്ഞൂർ,<br>മുണ്ടൂർ.പി.ഒ | 84/4 | കടയുടെ സ്റ്റെപ്പ്, സൺഷേഡ് |

| | | | |
|---|---|---|---|
| 63 | ജോൺസൺ.സി.ജേക്കബ്<br>ചിറ്റിലപ്പിള്ളി ഹൗസ്, അഞ്ഞൂർ,<br>മുണ്ടൂർ.പി.ഒ,<br>8606252225 | 98/8-10 | സ്ഥലം, ചുറ്റുമതിൽ |
| 64 | റോസി ഔസേപ്പ്<br>മാറോക്കി ഹൗസ്,<br>അഞ്ഞൂർ.പി.ഒ,<br>9995472472 | 98/1 | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്, മാവ് 2 |
| 65 | പയസ്സ് (സ്കൂൾ മാനേജർ)<br>9447528371 | -- | കടയുടെ ചുറ്റുമതിൽ, ഗേറ്റ് |
| 66 | രഘുനാഥൻ<br>പറമ്പത്ത് ഹൗസ്, അഞ്ഞൂർ<br>മുണ്ടൂർ.പി.ഒ, 9895648524 | -- | ചുറ്റുമതിൽ, ഗേറ്റ്, തെങ്ങ് |
| 67 | സുബ്രഹ്മണ്യൻ<br>തിരുത്തിയിൽ ഹൗസ്<br>അഞ്ഞൂർ, മുണ്ടൂർ.പി.ഒ | -- | കടയുടെ സ്റ്റെപ്പ്, സൺഷേഡ് |
| 68 | സി.എ.ജോസ്<br>ചിറ്റിലപ്പിള്ളി ഹൗസ്<br>അഞ്ഞൂർ, മുണ്ടൂർ.പി.ഒ,<br>9446620746/9947293969 | -- | ചുറ്റുമതിൽ, ഗേറ്റ് |
| 69 | ടോമി ആൻറണി<br>മേക്കാട്ടുകുളം, അഞ്ഞൂർ<br>മുണ്ടൂർ.പി.ഒ, 9821326449 | 232/1-2 | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ് |
| 70 | ശശി.വി.ഐ<br>വാഴപ്പിള്ളി ഹൗസ്, മുണ്ടൂർ,<br>9895006319 | -- | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്, മാവ്, ആത്ത, കാറ്റാടി |
| 71 | റോഫി ജോസ്<br>ചിറ്റിലപ്പിള്ളി ഹൗസ്<br>പുറ്റേക്കര.പി.ഒ, 9447254495 | 237/4,<br>237/5,<br>132/5-6,<br>132/5-7 | സ്ഥലം, പെട്രോൾ പമ്പിൻെറ മുൻഭാഗം |
| 72 | സി.വി.ലോറൻസ്<br>ചാലക്കൽ ഹൗസ്, മുണ്ടൂർ,<br>9895129757 | 222/7-5 | വീട് ഭാഗികമായി |
| 73 | സിസ്റ്റർ സുപ്പീരിയർ<br>സ്റ്റ്.ഫ്രാൻസിസ്സ് അസീസ്സി<br>എഫ്.സി. കോൺവെൻറ്<br>മുണ്ടൂർ, അഞ്ഞൂർ.പി.ഒ | 85/3,<br>238/5 | സ്ഥലം |

| | | | |
|---|---|---|---|
| 74 | വി.എൽ.ജോസഫ്<br>വാഴപ്പള്ളിൽ ഹൗസ്<br>മുണ്ടൂർ, 9495051988 | 222/8 | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ് |
| 75 | റാഫി & ആശ<br>ചിറ്റിലപ്പള്ളി ഹൗസ്<br>പുറ്റേക്കര.പി.ഒ | 132/5-4 | കടയുടെ മുൻഭാഗം ചെറിയ തോതിൽ |
| 76 | സുപ്പീരിയർ<br>എഫ്.എസ്.എസ്.എച്ച്<br>കോൺവെൻറ്, മുണ്ടൂർ | 232/9-2 | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ് (3) തെങ്ങ് 25, തേക്ക്, പുളി |
| 77 | പാറുക്കുട്ടി<br>കൊടകര ഹൗസ്<br>മുണ്ടൂർ, 6238558449 | 219/2 | വീട് ഭാഗികമായി, ഒരു മുറി പപ്പട കമ്പനി (ഉപജീവന മാർഗ്ഗം / വരുമാനം) നഷ്ടപ്പെടുന്നു. |
| 78 | പയസ്സ് ബേബി<br>മാനേജർ, സെൻറ് ജോർജ്ജ് ഹൈസ്കൂൾ, പുറ്റേക്കര, മുണ്ടൂർ,<br>9447528371 | -- | സ്ഥലം |
| 79 | റിച്ചാർഡ് ജോസ്<br>പാലയൂർ ഹൗസ്, മുണ്ടൂർ,<br>പഴയങ്ങാടി, 7012108677<br>(ജോസ്), 09323515184 | -- | കട ഭാഗികമായി<br>(3 മുറികൾ) |
| 80 | ദേവസ്സി ചെമ്മണ്ണൂർ<br>8939722212/9043890322 | -- | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്, തെങ്ങ് 2, തേക്ക് 2 |
| 81 | സി.എൽ.ജോസ്<br>ചിറ്റിലപ്പള്ളി ഹൗസ്<br>പുറ്റേക്കര.പി.ഒ<br>അഞ്ഞൂർ, മുണ്ടൂർ, 8129369796 | 237/8 | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്, അത്തി 2 |
| 82 | ജോസഫ്<br>പാലയൂരിൽ ഹൗസ്<br>മുണ്ടൂർ, 9497656793 | 222/18 | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്, മാവ് 2 |
| 83 | വി.പി.ജോണി (ഫ്ലവർ)<br>വാഴപ്പള്ളി ഹൗസ്,<br>മുണ്ടൂർ – 680541,<br>9447029110 | -- | സ്ഥലം, ചുറ്റുമതിൽ |
| 84 | അന്തോണി ഡേവിസ്<br>തലക്കോട്ടൂർ ഹൗസ്<br>മുണ്ടൂർ.പി.ഒ, 9746458247 | -- | സ്ഥലം |

| | | | |
|---|---|---|---|
| 85 | ആൻറണി ടോണി<br>ചിറ്റാട്ടുകര ഹൗസ്<br>അഞ്ഞൂർ, 9524265083 | 313/18<br>313/16 | വീട്, കട ഭാഗികമായി<br>സ്ഥലം, ചുറ്റുമതിൽ, ഗേറ്റ് |
| 86 | സൈമൺ<br>എളക്കളത്തൂർ, 9447959511 | -- | കട ഭാഗികമായി |
| 87 | സുഭാഷ് ചന്ദ്രൻ പി.ആർ<br>പുളിക്കൽ ഹൗസ്, മുണ്ടൂർ പി.ഒ,<br>തൃശ്ശൂർ, 9446765656 | 316/3-4 | ചുറ്റുമതിൽ, ഗേറ്റ് |
| 88 | ലോറൻസ്<br>ആലപ്പാട്ട് ഹൗസ് | -- | വീട് പൂർണ്ണമായി,<br>കട ഭാഗികമായി |
| 89 | മുണ്ടൂർ, 9809861615 | | വീട്, കട ഭാഗികമായി |
| 90 | ജോസ് എ.കെ<br>ആലപ്പാട്ട് ഹൗസ്, മുണ്ടൂർ,<br>9495781691 | 316/8<br>337/5 | വീട്, കട ഭാഗികമായി |
| 91 | ശ്രീനിവാസൻ പി.ആർ<br>പുളിക്കൽ ഹൗസ്<br>മുണ്ടൂർ പി.ഒ, 9447831877 | 316/3-2 | സ്ഥലം, ഗേറ്റ്,<br>മുരിങ്ങ, കണിക്കൊന്ന |
| 92 | വർഗ്ഗീസ്<br>അറക്കൽ ഹൗസ്, മുണ്ടൂർപി.ഒ | 493 | കട ഭാഗികമായി |
| 93 | കുര്യൻ പാലയൂരിൽ ഹൗസ്<br>മുണ്ടൂർ -680541 | 533 | കട ചെറിയ തോതിൽ |
| 94 | ഗീത വിൻസന്റ്<br>സ്മാർട്ട് മേയ്ക്കാട്ടുകുളം ഹൗസ്,<br>മുണ്ടൂർ പി.ഒ, 9961135275 | 234/8 | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്,<br>വ്യവസായം ഭാഗികമായി |
| 95 | സി.റ്റി.ജോസഫ്<br>ചിറ്റിലപ്പിള്ളി ഹൗസ്<br>അഞ്ഞൂർ പി.ഒ, മുണ്ടൂർ,<br>7994874053 | 126/6 | വീടിനോട് ചേർന്നുള്ള<br>സ്റ്റെയർകേസ് |
| 96 | സി.പി.ഇട്ടൂപ്പ്<br>ചിറ്റിലപ്പിള്ളി ഹൗസ്<br>പുറ്റേക്കര, 9496488501 | | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്,<br>തെങ്ങ്, വാഴ 3 |
| 97 | പോൾസൺ<br>ചിറ്റാട്ടുകര ഹൗസ്, അഞ്ഞൂർ<br>പി.ഒ, മുണ്ടൂർ,<br>9495636647 | 124/9 | സ്ഥലം, തെങ്ങ് 5, മാവ്,<br>വരുമാനം നഷ്ടപ്പെടുന്നു |

| | | | |
|---|---|---|---|
| 98 | മേരി അബ്രാഹം<br>കുറ്റിക്കാട്ട് ഹൗസ്, അഞ്ഞൂർ<br>പി.ഒ, മുണ്ടൂർ, 9686604761 | 234/11 | സ്ഥലം, തെങ്ങ് 5, മാവ്, വാഴ<br>കൃഷി, വരുമാനം നഷ്ടപ്പെടുന്നു |
| 99 | ജോമി ഫ്രാൻസിസ്സ്,<br>മേരി ഫ്രാൻസിസ്സ് (late)<br>മേയ്ക്കാട്ടുകുളം ഹൗസ്<br>അഞ്ഞൂർ പി.ഒ, മുണ്ടൂർ,<br>9496755535 | 239/8 | സ്ഥലം, ടൈൽ ഫ്ലോർ,<br>ചുറ്റുമതിൽ, ഗേറ്റ്,<br>തെങ്ങ് 5, മാവ് 3, അത്തി മരം,<br>ആര്യവേപ്പ്, പ്ലാവിൻ തൈ,<br>വരുമാനം നഷ്ട പ്പെടുന്നു |
| 100 | ഫ്രാൻസിസ്സ്<br>വാഴപ്പിള്ളി ഹൗസ്<br>മുണ്ടൂർ, 9447968646 | -- | 2 നില കെട്ടിടത്തിന്റെ 1<br>പില്ലറിനെ ബാധിക്കും.<br>അതിനാൽ കെട്ടിടം പൂർണ്ണമായി<br>നഷ്ടപ്പെടും, ഫ്ലോർ ടൈൽ |
| 101 | കെ.എ.മാത്യു<br>അരങ്ങശ്ശേരി ഹൗസ്, മുണ്ടൂർ<br>പി.ഒ, കൃഷ്ണ ഭവൻ റോഡ്<br>9895019854 | -- | സ്ഥലം ടൈൽ ഫ്ലോർ |
| 102 | റോസിലി W/O കെ.എ.മാത്യു<br>അരങ്ങശ്ശേരി ഹൗസ്, മുണ്ടൂർ<br>പി.ഒ, കൃഷ്ണഭവൻ റോഡ്<br>9895019854 | | സ്ഥലം |
| 103 | ബിബിൻ വി.വി<br>വടത്തിയതിൽ ഹൗസ്<br>മുണ്ടൂർ പി.ഒ, 9995400411 | -- | 2 നില കെട്ടിടത്തിലെ കച്ചവടം<br>ചെറിയ തോതിൽ |
| 104 | ബാലചന്ദ്രൻ<br>71562070168 | -- | വ്യാപാര സ്ഥാപനത്തിന്റെ<br>പാർക്കിംഗ് ഏരിയ |
| 105 | ജോളി സൈമൺ<br>മേയ്ക്കാട്ടുകുളം ഹൗസ്<br>അഞ്ഞൂർ, മുണ്ടൂർ പി.ഒ,<br>7511114737 | -- | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്, കട<br>ഭാഗികമായി, മുരിങ്ങ |
| 106 | ലൂസി ലൂയിസ്<br>കണ്ണനായിക്കൽ ഹൗസ്<br>അഞ്ഞൂർ, മുണ്ടൂർ പി.ഒ,<br>9526355255 | -- | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്,<br>തെങ്ങ് 2 |
| 107 | ഫ്രാൻസിസ്സ് എം.എൽ<br>മേയ്ക്കാട്ടുകുളം ഹൗസ്<br>അഞ്ഞൂർ, മുണ്ടൂർ, 9447441140 | -- | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്,<br>റമ്പൂട്ടാൻ, പേര |

| | | | |
|---|---|---|---|
| 108 | ബിബി നെൽസൺ<br>മേയ്ക്കാട്ടുകുളം ഹൗസ്<br>അഞ്ഞൂർ, മുണ്ടൂർ പി.ഒ,<br>9544700858 | -- | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്,<br>തെങ്ങ്, മാവ്, കശുമാവ് |
| 109 | റിനി പോൾ<br>പള്ളിപ്പുറത്തുകാരൻ ഹൗസ്<br>അഞ്ഞൂർ പി.ഒ<br>മുണ്ടൂർ, 9946871498 | -- | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ് |
| 110 | വിൻസന്റ് സി.കെ<br>ചിറ്റിലപ്പള്ളിൽ ഹൗസ്<br>അഞ്ഞൂർ പി.ഒ<br>മുണ്ടൂർ, 9446722838 | -- | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ് |
| 111 | വികാസ്<br>മൂത്തേടത്ത് ഹൗസ്<br>അഞ്ഞൂർ, മുണ്ടൂർ, 9745020075 | -- | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്,<br>തെങ്ങ്, വാഴ |
| 112 | എൽസി ബാബു<br>ചിറ്റിലപ്പള്ളി ഹൗസ്<br>അഞ്ഞൂർ<br>മുണ്ടൂർ പി.ഒ, 8281395607 | -- | വ്യാപാര സ്ഥാപനത്തിന്റെ<br>ടൈൽ ഫ്ലോർ |
| 113 | കല്യാണി<br>മുത്തേടത്ത് ഹൗസ്<br>മുണ്ടൂർ , 9745020075 | -- | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്,<br>തെങ്ങ്, മാവ്, വാഴകൾ, |
| 114 | സിസ്സി ജോർജ്ജ്,<br>സജോ ജോർജ്ജ്,<br>സോണി ജോർജ്ജ് (ജിംസൺ)<br>മേയ്ക്കാട്ടുകുളം ഹൗസ്<br>അഞ്ഞൂർ, മുണ്ടൂർ പി.ഒ,<br>8301056640 | -- | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്,<br>തെങ്ങ്, ടൈൽ ഫ്ലോർ |
| 115 | ഡാനി ജോസഫ്<br>എലൈറ്റ് ട്രേഡിംഗ് കമ്പനി<br>മുണ്ടൂർ, 8921874626 | | സ്ഥലം |
| 116 | ബി.റ്റി. ഫ്രാൻസിസ്സ്<br>ബ്രഹ്മംകുളം ഹൗസ്<br>മുണ്ടൂർ, അഞ്ഞൂർ പി.ഒ<br>9388552108 | -- | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്,<br>ടൈൽ ഫ്ലോർ, ചെടികൾ |

| | | | |
|---|---|---|---|
| 117 | എം.ജെ.വിൻസൻറ് മേയ്ക്കാട്ടുകുളം ഹൗസ് അഞ്ഞൂർ, മുണ്ടൂർ പി.ഒ, 9847194419 | -- | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്, കച്ചവടം ചെറിയ തോതിൽ, തെങ്ങ് 3 |
| 118 | എഡ്വിൻ ബാബു മേയ്ക്കാട്ടുകുളം ഹൗസ് അഞ്ഞൂർ, മുണ്ടൂർ പി.ഒ, 9446761861 | -- | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്, തെങ്ങ് 3, തേക്ക് |
| 119 | പോൾ ഡേവിഡ് മേയ്ക്കാട്ടുകുളം ഹൗസ് അഞ്ഞൂർ, മുണ്ടൂർ പി.ഒ, 9995300503 | -- | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്, ടൈൽ ഫ്ലോർ, തെങ്ങ് |
| 120 | ജോൺസൺ സി.കെ ചിറ്റിലപ്പള്ളി ഹൗസ്, അഞ്ഞൂർ മുണ്ടൂർ പി.ഒ, 9400486750 | -- | സ്ഥലം, വീട് ചെറിയ തോതിൽ (വീടിൻെറ കോർണർ) ചുറ്റുമതിൽ, ഗേറ്റ്, തെങ്ങ് |
| 121 | സെബാസ്റ്റിൻ തെക്കേതടം, മുണ്ടൂർ പി.ഒ, 9995455129 | -- | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്, തെങ്ങ്, വാഴ 4 |
| 122 | ഉഷ ഗോവിന്ദ്, സൺറൈസ് ഹൗസ്, മുണ്ടൂർ പി.ഒ, 9495566239 | -- | സ്ഥലം, ചുറ്റുമതിൽ, ഗേറ്റ്, തെങ്ങ് 3, വാഴ 4 |

### 5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

വനവകാശ നിയമത്തിൽ കീഴിൽ വരുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ പദ്ധതിബാധിതമാകുന്നില്ല.

### 5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

കുടുംബങ്ങൾ ഉപജീവനത്തിനായ് ഉപയോഗിക്കുന്ന പൊതുവിഭവങ്ങൾ പദ്ധതിബാധിതമാകുന്നില്ല.

### 5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

സർക്കാർ നൽകിയിട്ടുള്ള സ്ഥലങ്ങൾ പദ്ധതി പ്രദേശത്തില്ല

**5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ**

ബാധകമല്ല.

**5.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ**

പദ്ധതിബാധിതമാകുന്ന ഭൂവുടമകളിൽ 10 ഭൂവുടമകൾ പദ്ധതി പ്രദേശത്തെ ആശ്രയിച്ചാണ് ഉപജീവനം നടത്തുന്നത്. ഉടമകളല്ലാത്ത വ്യക്തികളും ഉപജീവനത്തിനായി പദ്ധതിപ്രദേശത്തെ ആശ്രയിക്കുന്നുണ്ട്.

**5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)**

പദ്ധതിബാധിതമാകുന്ന കെട്ടിടങ്ങളിൽ തങ്ങളുടെ ഉപജീവനത്തിനായി വാടകക്ക് 3 വർഷമോ അതിലധികമോ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവർ, ടി സ്ഥാപനങ്ങളിലോ ഉടമകൾ നടത്തുന്ന പദ്ധതിബാധിതമാകുന്ന സ്ഥാപനങ്ങളിലോ പ്രവർത്തിക്കുന്ന തൊഴിലാളികൾ, എന്നിവരെ പദ്ധതിയുടെ പരോക്ഷ ആഘാതബാധിതരായി കണക്കാക്കേണ്ടതാണ്. പ്രസ്തുത വാടകക്കാരുടെ വിവരങ്ങൾ പട്ടിക 5.6.1.ൽ നൽകിയിരിക്കുന്നു

പട്ടിക 5.6.1: ***പരോക്ഷ ആഘാതബാധിതർ***

| *ക്രമ നമ്പർ* | *വാടകക്കാരന്റെ പേര്* | *പ്രവർത്തനം ആഘാതം* | *ഉടമ* |
|---|---|---|---|
| 1 | ചിത്ര രാമദാസ്, 7025 50 2206 | കട ഭാഗികമായി | ജിജോ 9495222727 |
| 2 | മുഹമ്മദ് 6238 78 9594 | ഫ്രൂട്ട്സ് ഷോപ്പ് (കട ഭാഗികമായി) | ചന്ദ്രൻ കെ.എ. 7907536041 |
| 3 | ജിജോ വടക്കൻസേവി 7994473749 | കട ഭാഗികമായി | മേഘ രാജീവ് 9447419695 |
| 4 | ബിജു.പി.കെ | ടൂ വീലർ ഗാരേജ് (കട ഭാഗികമായി) | ലോറൻസ് 9809861615 |
| 5 | ബാബു കൃഷ്ണ | പടിയൂർ വൈദ്യശാല (കട ഭാഗികമായി) | ലോറൻസ് 9809861615 |

| | | | |
|---|---|---|---|
| 6 | എബിൻ ഫ്രാൻസിസ് | ഡികോവ് അലുമിനിയം ഫാബ്രിക്കേഷൻസ് (കട ഭാഗികമായി) | വർഗ്ഗീസ് അറക്കൽ ഹൗസ് |
| 7-10 | 4 വാടകക്കാർ | 4 കടകൾ ഭാഗികമായി | ഫ്രാൻസിസ്സ് 9447968646 |
| 11 | കെ.ജെ. കത്രീന 9048733845 | റേഷൻ കട (ചെറിയ തോതിൽ) കെട്ടിടത്തിന്റെ പഴക്കം മൂലം പൂർണ്ണമായും ബാധിക്കാൻ സാധ്യത | ജോർജ്ജ് പി.ഐ 9497800435 |
| 12 | ഫ്രാൻസിസ്സ് 9745225505 | വർക്ക്ഷോപ്പ് (ചെറിയ തോതിൽ) കെട്ടിടത്തിന്റെ പഴക്കം മൂലം പൂർണ്ണമായും ബാധിക്കാൻ സാധ്യത | ജോർജ്ജ് പി.ഐ 9497800435 |
| 13 | സി.വി. ഗോപി 9645022463 | മുടിവെട്ട് കട (ചെറിയ തോതിൽ) കെട്ടിടത്തിന്റെ പഴക്കം മൂലം പൂർണ്ണമായും ബാധിക്കാൻ സാധ്യത | ജോർജ്ജ് പി.ഐ 9497800435 |

**5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക**

പദ്ധതിബാധിതരാകുന്ന 32 ഭൂവുടമകളുടെ സ്ഥലങ്ങളിൽ ഫലവൃക്ഷങ്ങൾ ഉൾപ്പടെയുള്ള വൃക്ഷങ്ങളുണ്ട്.

# അദ്ധ്യായം 6

## സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ

പദ്ധതിബാധിത കുടുംബങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക സ്ഥിതിയെ ക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ജനസംഖ്യാപരമായ വിശദാംശങ്ങൾ, സാമ്പത്തിക സ്ഥിതി, പദ്ധതിബാധിത കുടുംബങ്ങളുടെ ഇടയിലുള്ള ദുർബല ജനവിഭാഗം, പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ, ജീവനോപാധി ബാധിതമായ കുടുംബങ്ങൾ, പദ്ധതി ബാധിതമായ ജനങ്ങളുടെ സാമൂഹ്യവത്കരണം എന്നിവയും അനുബന്ധ വിവരങ്ങളുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ**

പദ്ധതി ബാധിത പ്രദേശം ഉൾക്കൊള്ളുന്ന കൈപ്പറമ്പ് ഗ്രാമ പഞ്ചായത്തിലെ ആകെ ജനസംഖ്യ 31,299 ഉം അതിൽ പുരുഷന്മാർ 15,203 ഉം സ്ത്രീകൾ 16,096 ഉം ആണ്. പദ്ധതിപ്രദേശത്തും സമീപത്തുമായി താമസിക്കുന്ന പദ്ധതിബാധിത കുടുംബങ്ങളിലെ ജനസംഖ്യാപരമായ വിവരങ്ങൾ തുടർന്ന് നൽകുന്നു.

**പദ്ധതിബാധിത കുടുംബങ്ങളിലെ അംഗങ്ങളുടെ എണ്ണം**

സർവ്വെയിൽ വിവരം നൽകിയ പദ്ധതി ബാധിത കുടുംബംങ്ങളിൽ 27 ശതമാനം 1 മുതൽ 3 വരെ അംഗങ്ങളുള്ള കുടുംബങ്ങളാണ്. എന്നാൽ, ഏകദേശം 60 ശതമാനം കുടുംബങ്ങളിലും 4-6 അംഗങ്ങളാണ് ഉള്ളത്. ആറിൽ കൂടുതൽ അംഗങ്ങളുള്ള കുടുംബങ്ങൾ 13 ശതമാനമാണ്.

**പദ്ധതിബാധിത കുടുംബാംഗങ്ങളുടെ ലിംഗഭേദം**

പദ്ധതിബാധിത കുടുംബാംഗങ്ങളിൽ 53% സ്ത്രീകളും 47% പുരുഷന്മാരുമാണ്. ഗ്രാമ പഞ്ചായത്തിലെ ആകെ ജനസംഖ്യ പരിശോധിച്ചാൽ, 48.6% പുരുഷന്മാരും 51.4% സ്ത്രീകളുമാണ്.

**പദ്ധതിബാധിത കുടുംബാംഗങ്ങളുടെ പ്രായം**

സർവ്വെയിൽ വിവരം നൽകിയ പദ്ധതി ബാധിത കുടുംബാംഗങ്ങളിൽ 21 ശതമാനം അംഗങ്ങൾ 18 വയസിൽ താഴെ പ്രായമുള്ളവരാണ്. ഏകദേശം 24 ശതമാനം

അംഗങ്ങളും 60 വയസ്സോ, അതിനു മുകളിലൊ പ്രായമുള്ള വയോജനങ്ങളാണ്. ഭൂരിഭാഗം പേരും (55 ശതമാനം) 18നും 60 നും ഇടയിൽ പ്രായമുള്ളവരാണ്.

**പദ്ധതിബാധിത കുടുംബങ്ങളുടെ മതം**

സാമൂഹ്യ-സാമ്പത്തിക സർവ്വെയിൽ വിവരം നൽകിയ പദ്ധതിബാധിത കുടുംബങ്ങളിൽ ഭൂരിഭാഗം (ഏകദേശം 71 ശതമാനം) കുടുംബങ്ങളും ക്രിസ്തു മതത്തിലും, 27 ശതമാനം ഹിന്ദുമതത്തിലും, ബാക്കി രണ്ട് ശതമാനം ഇസ്ലാം മതത്തിലും വിശ്വസിക്കുന്നവരാണ്.

**പദ്ധതിബാധിത കുടുംബങ്ങളുടെ സാമൂഹ്യ വിഭാഗം**

പദ്ധതിബാധിത കുടുംബങ്ങളുടെ സാമൂഹ്യ പശ്ചാത്തലം പരിശോധിക്കുമ്പോൾ 78 ശതമാനം കുടുംബങ്ങൾ പൊതുവിഭാഗത്തിലും 22 ശതമാനം മറ്റ് പിന്നോക്ക വിഭാഗത്തിലും ഉൾപ്പെടുന്നു.

ലഭ്യമായ വിവരമനുസരിച്ച്, പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽ പെട്ട കുടുംബങ്ങൾ പദ്ധതിബാധിതരിൽ ഉൾപ്പെടുന്നില്ല. ഗ്രാമ പഞ്ചായത്തിലെ ആകെ പട്ടിക ജാതി ജനസംഖ്യ 2634 (8%) ഉം പട്ടിക വർഗ്ഗ ജനസംഖ്യ 28 ഉം മാത്രമാണ്

**6.2. വരുമാനവും ദാരിദ്ര്യതലവും**

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സർവ്വെ നമ്പറുകളിലുള്ള ഭൂവുടമകളുടെ കുടുംബങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം, റേഷൻ കാർഡിൻെറ തരം തുടങ്ങിയ വിവരങ്ങളാണ് തുടർന്ന് പ്രതിപാദിക്കുന്നത്.

***പദ്ധതിബാധിത കുടുംബാംഗങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം***

പദ്ധതിബാധിത കുടുംബങ്ങളിലെ പ്രധാന വരുമാന മാർഗ്ഗം വ്യാപാര വ്യവസായ മേഖലയിൽ നിന്നുള്ളതാണ്. ഏകദേശം 56 ശതമാനം കുടുംബങ്ങളിലേയും പ്രധാന വരുമാന മാർഗ്ഗം ഇതാണ്. മറ്റ് പ്രധാന വരുമാന മാർഗ്ഗങ്ങൾ പെൻഷൻ, കൃഷി, പദ്ധതി ബാധിതമാകുന്ന കെട്ടിടത്തിൽ നിന്നുള്ള വാടക, സ്വകാര്യ സ്ഥാപനത്തിലെ ജോലി, വിദേശത്തെ ജോലി, സ്വയം തൊഴിൽ, മറ്റ് തൊഴിലുകൾ എന്നിവയാണ്..

**പദ്ധതിബാധിത കുടുംബങ്ങൾക്ക് ലഭ്യമായിട്ടുള്ള റേഷൻ കാർഡിൻെറ തരം**

സർവ്വെയിൽ ഇതുമായി ബന്ധപ്പെട്ട് വിവരം നൽകിയ പദ്ധതിബാധിത കുടുംബ ങ്ങളിൽ, 87 ശതമാനം കുടുംബങ്ങളും ദാരിദ്ര്യ രേഖക്കു മുകളിലുള്ള കുടുംബങ്ങൾ

ക്കുള്ള നീല കളർ റേഷൻ കാർഡൊ (23%), വെള്ള നിറത്തിലുള്ള റേഷൻ റേഷൻ കാർഡോ (64%) കൈവശം വച്ചിരിക്കുന്നവരാണ്. എന്നാൽ, 6 ശതമാനം കുടുംബങ്ങൾ മാത്രമാണ് ദാരിദ്ര്യ രേഖക്കു താഴെയുള്ളവർക്കുള്ള പിങ്ക് കളർ റേഷൻ കാർഡ് (4%) / മഞ്ഞ റേഷൻ കാർഡ് (2%) കൈവശം വച്ചിരിക്കുന്നത്. എന്നിരുന്നാലും, 7 ശതമാനം ഭൂവുടമകൾ റേഷൻ കാർഡ് കൈവശം ഇല്ല എന്നറിയിച്ചു.

### 6.3. ദുർബലജനവിഭാഗം

പദ്ധതിബാധിത കുടുംബാംഗങ്ങളിലെ 21 ശതമാനം 18 വയസിൽ താഴെയുള്ളവരും 24 ശതമാനം 60 വയസോ അതിൽ കൂടുതലോ പ്രായമുള്ള വയോജനങ്ങളുമാണ്. കൂടാതെ, പദ്ധതി ബാധിത ഭൂവുടമകളുടെ കുടുംബങ്ങളിൽ 4 പേർ അർബുദം, അൾസർ, കൊളസ്ട്രോൾ, ഡയബെറ്റിസ്, തുടങ്ങി വിവിധ അസുഖങ്ങൾ മൂലം കഷ്ടതകൾ അനുഭവിക്കുന്നവർ ആണ്.

### 6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ, പദ്ധതിബാധിതരാകുന്ന ഭൂവുടമകളിൽ 52 ഉടമകൾ പ്രസ്തുത സ്ഥലം താമസത്തിനു മാത്രമായി ഉപയോഗിക്കുന്നു. എന്നാൽ 8 ഭൂവുടമകൾ ടി സ്ഥലം താമസിത്തിനും കച്ചവട/വ്യവസായിക ആവശ്യത്തിനുമായി ഉപയോഗിക്കുന്നു. ഏകദേശം 48 ഭൂവുടമകൾ വാണിജ്യ / വ്യവസായിക ആവശ്യത്തിനു മാത്രമായും, കൂടാതെ, 7 ഉടമകളുടെ സ്ഥലങ്ങൾ കൃഷി, വഴി ഉൾപ്പെടെയുള്ള മറ്റ് ആവശ്യങ്ങൾക്കായും ഉപയോഗിക്കുന്നു, 7 ഉടമകളുടെ സ്ഥലങ്ങൾ തരിശ് ഭൂമിയാണ്. സർവ്വെയിൽ പങ്കെടുത്ത ഭൂവുടമകളിൽ 18 ഭൂവുടമകൾ ടി ഭൂമി ഏറ്റെടുക്കൽ തങ്ങളുടെ ഉപജീവനമാർഗത്തെ പ്രതികൂലമായി ബാധിക്കും എന്ന് അഭിപ്രായപ്പെട്ടു.

### 6.5. പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

പദ്ധതി ബാധിത പ്രദേശത്ത് സാമ്പത്തിക പ്രവർത്തനങ്ങൾ ഉണ്ടെങ്കിലും അത് പുനരുജ്ജീവിപ്പിക്കാനുള്ള സാഹചര്യം ഉള്ളതിനാൽ പദ്ധതി സാമ്പത്തിക പ്രവർത്തനങ്ങളെ കാര്യമായി ബാധിക്കുന്നില്ല.

### 6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

പ്രദേശത്ത് വിവിധ വിധത്തിലുള്ള കൃഷികളുണ്ടെങ്കിലും പദ്ധതിബാധിത കുടുംബങ്ങളിൽ ഭൂരിഭാഗവും കച്ചവടത്തെയും, കെട്ടിടത്തിൽ നിന്ന് വാടകയിനത്തിൽ

ലഭിക്കുന്ന വരുമാനത്തെയും മറ്റ് തൊഴിലുകളെയും ആശ്രയിച്ച് ഉപജീവനം നടത്തുന്നവരാണ്. എന്നിരുന്നാലും പദ്ധതി ബാധിതമാകുന്ന പ്രദേശത്തെ കൃഷിയെ ആശ്രയിച്ച് ഉപജീവനം നടത്തുന്ന ഏതാനും കുടുംബങ്ങളുണ്ട്. വരുമാനം നഷ്ടപ്പെടുന്ന രീതിയിൽ തെങ്ങ്, മാവ്, തേക്ക് തുടങ്ങിയ മരങ്ങളൊ ഫല വൃക്ഷങ്ങളൊ നഷ്ടപ്പെടുന്നുണ്ടെങ്കിലും ആരുടേയും കൂടുതൽ സ്ഥലം ഏറ്റെടുക്കുന്നില്ല എന്നത് കൊണ്ട് ടി പദ്ധതി കൃഷിയെ സാരമായി ബാധിക്കുന്നില്ല. പദ്ധതിപ്രദേശത്ത് ഉടമകൾ നടത്തി വരുന്ന കച്ചവട സ്ഥാപനങ്ങൾ പദ്ധതിബാധിതമാകുമ്പോൾ ഉടമയുടെ ഉപജീവനത്തെയും ഇത് ബാധിക്കുന്നു. കൂടാതെ പദ്ധതി ബാധിതമാകുന്ന കെട്ടിടങ്ങളിൽ വാടകക്ക് കച്ചവടവും മറ്റും നടത്തി ഉപജീവനം നടത്തുന്ന വ്യക്തികളുണ്ട്.

## 6.7. കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

പദ്ധതി പ്രദേശത്തെ ഭൂരിഭാഗം കുടുംബങ്ങളും അണുകുടുംബങ്ങളും വിസ്തൃത കുടുംബങ്ങളുമാണ്. പദ്ധതിബാധിത പ്രദേശത്ത് ഏതെങ്കിലും സാംസ്കാരിക സംഘടനകൾ ഉള്ളതായി കണ്ടില്ല.

### 6.8 ഭരണ സംഘടനകൾ

പദ്ധതിപ്രദേശത്ത് ഭരണസംഘടനകളുടെ സ്ഥാപനങ്ങളില്ല.

### 6.9 രാഷ്ട്രീയ സംഘടനകൾ

പദ്ധതി പ്രദേശത്ത് രാഷ്ട്രീയ സംഘടനകൾ ഉണ്ടെങ്കിലും അവരുടെ വസ്തുവകകൾ പദ്ധതിബാധിതമാകുന്നില്ല.

### 6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

പൗരസംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

### 6.11. പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ

തൃശ്ശൂർ ടൗണിനെ മലപ്പുറം, ഗുരുവായൂർ, പൊന്നാനി തുടങ്ങിയ സ്ഥലങ്ങളുമായി ബന്ധിപ്പിക്കുന്ന തൃശ്ശൂർ - കുറ്റിപ്പുറം റോഡ്, തൃശ്ശൂർ ജില്ലയിലെ പ്രധാനപ്പെട്ട ഒരു സംസ്ഥാന പാതയാണ് (SH 69). തൃശ്ശൂർ - കുറ്റിപ്പുറം റോഡ്, തൃശ്ശൂരിൽ നിന്ന് ആരംഭിച്ച് പുഴക്കൽ, മുതുവറ, പേരാമംഗലം, മുണ്ടൂർ, കേച്ചേരി, ചൂണ്ടൽ, കുന്ദംകുളം, പെരുമ്പിലാവ്, ചങ്ങരംകുളം, എടപ്പാൾ വഴി തൃക്കനാപുരത്ത് അവസാനിക്കുകയും

ദേശീയപാത 66 ൽ ചേരുകയും ചെയ്യുന്നു. ടി റോഡിന് ഏകദേശം 56.25 കിലോമീറ്റർ നീളമുണ്ട്. പ്രളയത്തിൽ തകർന്ന് വളരെ ശോചനീയാവസ്ഥയിലുള്ള ടി റോഡിനെ, മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള ഭാഗം ഒഴികെ, നാലി വരി പാതയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, പൊതുമരാമത്ത് വകുപ്പിൻെറ കെ.എസ്.ടി.പി വിങ്ങിൻെറ കീഴിൽ കഴിഞ്ഞ വർഷങ്ങളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിലവിൽ അതിൻെറ പ്രവർത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ആയതിനാൽ നിലവിലെ പദ്ധതി തൃശ്ശൂർ-കുറ്റിപ്പുറം റോഡിൽ മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള 1.88 കിലോമീറ്റർ ദൂരത്തിലുള്ള റോഡിൻെറ നവീകരണ പ്രവർത്തികൾ നടത്തി നാല്വരി പാതയായി അഭിവൃദ്ധിപ്പെടുത്തുക എന്നതാണ്.

ഘടനാപരമായ പല പോരായ്മകളാലും, വീതി കുറവായതിനാലും ശരിയായ ഡ്രയിനേജ് സൗകര്യം ഇല്ലാത്തതിനാലും നിലവിൽ ടി റോഡിൻെറ അവസ്ഥ മോശമാണ്. അതിനാൽ തന്നെ ടി റോഡിൽ അപകടങ്ങൾ സാധാരണമാണ്. ഈ സാഹചര്യത്തിൽ, റോഡ് വീതി കൂട്ടുക, റോഡിൻെറ ഗുണനിലവാരം വർദ്ധിപ്പിക്കുക, നല്ല ഡ്രെയ്നേജ് സംവിധാനം ഒരുക്കുക, റോഡ് സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുക തുടങ്ങിയ നവീകരണ പ്രവർത്തനങ്ങൾ നടത്തി ഇന്ത്യൻ റോഡ്സ് കോൺഗ്രസ്സ് അനുശാസിക്കുന്ന ഗൈഡ് ലൈൻസ് പ്രകാരം റോഡ് അഭിവൃദ്ധിപ്പെടുത്തുക എന്നത് അത്യാവശ്യമാണ്. അതിനായി തൃശ്ശൂർ താലൂക്കിലെ അഞ്ഞൂർ വില്ലേജിൽ നിന്ന് ഏകദേശം 1.0987 ഹെക്ടർ ഭൂമി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു.

നിർദ്ദിഷ്ട പദ്ധതി നിലവിൽ വരുമ്പോൾ യാത്രക്കാർക്ക് യാത്രാസമയം, ഇന്ധനചെലവ്, ഗതാഗത തടസം എന്നിവ കുറയും കൂടാതെ, റോഡ് യാത്രികരുടെ സുരക്ഷാസാധ്യതകൾ വളരെയധികം മെച്ചപ്പെടുകയും ചെയ്യും.

### 6.12. ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

സംസ്ഥാന പാതയുടെ ഇരുവശത്തും താമസിക്കുന്നവരായതിനാൽ തന്നെ പ്രദേശ വാസികൾക്ക് അവശ്യസൗകര്യങ്ങളെല്ലാം പ്രാപ്യമാണ്.

# അദ്ധ്യായം 7

## സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

### 7.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം വിവിധ ഘട്ടങ്ങളിലായാണ് പദ്ധതിയുടെ പ്രത്യാഘാതം വിലയിരുത്തിക്കൊണ്ടിരിക്കുന്നത്.

ആദ്യഘട്ടത്തിൽ 08.04.2024 തീയതിയിൽ പദ്ധതിപ്രദേശത്ത് ഒരു പ്രാഥമിക സന്ദർശനം നടത്തി പ്രദേശത്തിൻെറ പ്രത്യേകതകളും, പ്രധാനമായും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും പൊതുവിൽ വിലയിരുത്തുകയും പ്രദേശത്ത് താമസിക്കുന്ന ഏതാനും പദ്ധതിബാധിത കുടുംബങ്ങളിൽ മുൻപേ തയ്യാറാക്കിയ സാമൂഹ്യ-സാമ്പത്തിക സർവേ ചോദ്യാവലി ഉപയോഗിച്ച് വിവരശേഖരണം നടത്തി ചോദ്യാവലി സ്ഥിരീകരിച്ചു. തുടർന്ന് 2024 ഏപ്രിൽ 12, 16 തീയതികളിൽ പഠന സംഘം പദ്ധതിബാധിത കുടുംബങ്ങൾ സന്ദർശിച്ച് നിർദ്ദിഷ്ട ചോദ്യാവലി ഉപയോഗിച്ച് വിവരശേഖരണം നടത്തി. പദ്ധതിപ്രദേശത്ത് താമസമില്ലാത്തതും നേരിൽ കാണുവാൻ കഴിയാതിരുന്നതുമായ ഭൂവുടമകളിൽ നിന്ന് ടെലഫോൺ മുഖാന്തിരവും വിവരങ്ങൾ ശേഖരിച്ചു.

പഠനത്തിൻെറ അടുത്ത ഘട്ടമായ് പദ്ധതി ബാധിതർക്ക് വേണ്ടി ഒരു പബ്ലിക് ഹിയറിങ്ങ് നടത്തുന്നതിന് തീരുമാനിച്ചു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം സർവ്വെയിലൂടെ ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായ് വിശകലനം ചെയ്തും, പദ്ധതിയെക്കുറിച്ച് അർത്ഥനാധികാരിയിൽ നിന്നും ലഭിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയും തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിൻെറ കരട് രേഖ പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിക്കുകയും, ടി റിപ്പോർട്ടിലേക്ക് ആവശ്യമായ കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും നിർദ്ദേശിക്കുന്നതിന് പദ്ധതിബാധിത ഭൂവുടമകൾക്ക് അവസരം നൽകുകയും ചെയ്യും. ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും അർത്ഥനാധികാരിയുടെ കാര്യാലയത്തിൽ നിന്നുമുള്ള ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യവും പബ്ലിക് ഹിയറിങ്ങിൽ ഉണ്ടായിരിക്കും. ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് പദ്ധതിബാധിതർ ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് ഉദ്യോഗസ്ഥർ പബ്ലിക് ഹിയറിങ്ങിൽ മറുപടി നൽകും.

### 7.2. ആഘാതം ഒഴിവാക്കുവാനോ, ലഘൂകരിക്കുവാനോ, നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

തൃശ്ശൂർ - കുറ്റിപ്പുറം റോഡിൻെറ മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള റോഡിൻെറ വിപുലീകരണവുമായി ബന്ധപ്പെട്ട് തൃശ്ശൂർ താലൂക്കിലെ അഞ്ഞൂർ വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള കുടുംബങ്ങൾക്ക് വീട് നഷ്ടപ്പെടൽ, വ്യാപാര വ്യവസായ സ്ഥാപനങ്ങൾ പദ്ധതി ബാധിതമാകൽ, ഉപജീവനമാർഗം നഷ്ടമാകൽ തുടങ്ങിയ വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യ തയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ↑ കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിൻെറ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/ 2015/RD പ്രകാരവും, 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരവും കേരള സർക്കാർ പുറപ്പെടുവിച്ച പോളിസികൾ പ്രകാരമുള്ള നഷ്ടപരിഹാരം, പുനരധിവാസ-പുനസ്ഥാപനം എന്നിവ പദ്ധതിബാധിതർക്ക് നൽകുക.
- ഉപജീവനമാർഗം നഷ്ടമാകുന്ന കുടുംബങ്ങൾക്ക് അവരുടെ ദൈനംദിന ജീവിതാവശ്യങ്ങൾക്ക് ഭംഗം നേരിടാതിരിക്കുന്നതിന് സമയാധിഷ്ടിതമായി നഷ്ടപരിഹാരം നൽകുക.
- പദ്ധതി മൂലം കിടപ്പാടവും ഉപജീവനമാർഗവും ഒരുമിച്ച് നഷ്ടമാകുന്ന കുടുംബ ങ്ങൾക്ക് പ്രത്യേക പരിഗണന നൽകി സമയാധിഷ്ടിതമായി പുനരധിവാസ-പുനസ്ഥാപന നടപടികൾ സ്വീകരിക്കേണ്ടതാണ്
- പദ്ധതിബാധിതമാകുന്ന കെട്ടിടങ്ങളിൽ/സ്ഥാപനത്തിൽ 3 വർഷക്കാലമായി താമസിക്കുകയോ ഉപജീവനം നടത്തുകയോ ചെയ്യുന്ന വാടകക്കാരെയും തൊഴിലാളികളെയും വിശ്വാസനീയമായ തെളിവിൻെറ അടിസ്ഥാനത്തിൽ പുനരധിവാസ-പുനസ്ഥാപന പാക്കേജിന് പരിഗണിക്കുക

- പദ്ധതിനിർമ്മാണ ഘട്ടത്തിൽ പദ്ധതി പ്രദേശത്തെ കെട്ടിടങ്ങളിൽ കുടുംബങ്ങൾക്ക് താമസത്തിനോ ഉപജീവന പ്രവർത്തനത്തിനോ തടസം നേരിട്ടാൽ, നിജസ്ഥിതി പരിശോധിച്ച്, ആവശ്യമെങ്കിൽ, പ്രസ്തുത കാലഘട്ടത്തിൽ ബദൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- പദ്ധതി നിർമ്മാണ ഘട്ടത്തിലും നിർവ്വഹണത്തിനു ശേഷവും സമീപത്തുള്ള കുടുംബങ്ങൾക്ക് തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം.
- പദ്ധതി ബാധിതമാകുന്ന അവശ്യസൗകര്യങ്ങൾ പുനസ്ഥാപിക്കുന്നതിന് ഏറ്റെടുക്കലിനുശേഷം അവശേഷിക്കുന്ന സ്ഥലം അപര്യാപ്തമല്ലാതിരിക്കുന്ന സാഹചര്യത്തിൽ ടി സൗകര്യങ്ങൾ നിലനിറുത്തുന്നതിന് പദ്ധതിയിൽ സാധ്യമായ മാറ്റം പരിഗണിക്കുക.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടി ശല്യവും യന്ത്ര സാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായ് യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.
- പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷ തൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

**7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനും നഷ്ട പരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെന്റ് 23.09.2015 തീയതിയിൽ G.O(MS)No.485/2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O(MS) No.448/2017/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനും പുനഃരധിവാസ-പുനഃസ്ഥാപന പാക്കേജിനുമുള്ള പോളിസികൾ പ്രകാരമുള്ള നടപടിക്രമങ്ങൾ തൃശ്ശൂർ

– കുറ്റിപ്പുറം റോഡിൻെറ മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള ഭാഗത്തിൻെറ വികസന പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ബാധകമാണ്.

**7.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ**

ബാധകമല്ല.

**7.5. സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ**

കുടുംബങ്ങൾക്ക് പ്രത്യാഘാതങ്ങൾ കഴിയുന്നത്ര കുറവ് വരുന്ന വിധത്തിൽ ആണ് രൂപരേഖ തയ്യാറാക്കപ്പെട്ടിട്ടുള്ളത് എന്ന് അർത്ഥനാധികാരി അറിയിച്ചു. അലൈൻമെൻറിൽ ചെറിയ മാറ്റം വരുത്തിയാൽ അവശ്യ സൗകര്യങ്ങൾ നിലനിറുത്താൻ സാധിക്കുന്ന സ്ഥലങ്ങളിൽ സാധ്യമെങ്കിൽ രൂപരേഖയിൽ ചെറിയ മാറ്റങ്ങൾ പരിഗണിക്കാവുന്നതാണെന്ന് പഠനസംഘം വിലയിരുത്തുന്നു. പദ്ധതിയുടെ രൂപരേഖയിൽ മറ്റ് മാറ്റങ്ങൾ ഒന്നും നിർദ്ദേശിക്കപെട്ടിട്ടില്ല.

**7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദൂരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിച്ചു കൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 23.09.2015 ൽ പുറപ്പെടുവിച്ച G.O(MS) No.485/2015 /RD പ്രകാരവും പദ്ധതി കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(MS) No.448/2017/RD പ്രകാരവും പദ്ധതിബാധിതർക്ക് നഷ്ടപരിഹാരം, പുനരധിവാസ – പുനസ്ഥാപന പാക്കേജ് എന്നിവ നൽകുന്നതിലൂടെ പദ്ധതിയുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്. സാമൂഹ്യ പ്രത്യാഘാത

വിലയിരുത്തൽ പഠനത്തിലൂടെ ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ - കുറ്റിപ്പുറം സംസ്ഥാന പാതയിൽ മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള റോഡിന്റെ വികസന പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി പട്ടിക 7.6.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 7.6.1 സാമൂഹ്യ പ്രത്യാഘാത ലഘൂകരണപദ്ധതി**

| ക്രമ നമ്പർ | പ്രതീക്ഷിക്കുന്ന പ്രത്യാഘാതം | പ്രത്യാഘാത ലഘൂകരണം | സമയക്രമം | നിരീക്ഷണ സൂചികകൾ |
|---|---|---|---|---|
| 1 | സ്ഥലം നഷ്ടമാകൽ | "LARR" നിയമം 2013 ഒന്നാം പട്ടികപ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള ചട്ടം 2015 പ്രകാരമുള്ള സമയക്രമം | ന്യായമായ ഭൂമി വിലയും നിയമാധിഷ്ടിതമായ മറ്റ് ആനുകൂല്യങ്ങളും നൽകുന്നു എന്ന് ഭൂവുടമകളെ ബോധ്യപ്പെടുത്തൽ |
| 2 | വീട് നഷ്ടമാകൽ | RFCTLARR നിയമം 2013 ഒന്ന് രണ്ട് പട്ടികകൾ പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ട പരിഹാരം നൽകുക | | പദ്ധതിബാധിതമാകുന്ന വീട്ടിൽ വർഷങ്ങളായി താമസിക്കുന്ന കുടുംബത്തിന് മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ പുനരധിവാസ-പുനസ്ഥാപന പാക്കേജിന് പരിഗണന |
| 3 | കെട്ടിടങ്ങൾ ഉൾപ്പടെ വസ്തുവിനോട് ചേർന്നുള്ള ആസ്തികളുടെ നഷ്ടം | LARR"നിയമം2013 ഒന്നാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | | ഭൂവുടമകളുടെ സാന്നിധ്യത്തിൽ ആസ്തികളുടെ കണക്കെടുപ്പ് നടത്തി, അവയുടെ മൂല്യ നിർണ്ണയ നടപടികൾ കൃത്യമായി ഉടമകളെ ബോധ്യപ്പെടുത്തുകയും ചെയ്യുക |
| 4 | ഉപജീവനമാർഗം/വരുമാനം നഷ്ടമാകൽ | "LARR" നിയമം 2013 രണ്ടാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള പുനരധിവാസ-പുനഃസ്ഥാപന പാക്കേജ് നൽകുക | | ഉപജീവനം/വരുമാനം നഷ്ടമാകുന്ന ഭൂവുടമകൾക്കും, പദ്ധതി പ്രദേശത്ത് 3 വർഷത്തിലധികമായി തൊഴിൽ ചെയ്യുന്ന, വിശ്വസനീയമായ രേഖകളുള്ള വാടകക്കാർക്കും തൊഴിലാളികൾക്കും മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ പുനരധിവാസ-പുനസ്ഥാപന പാക്കേജിന് പരിഗണന. |

| | | | | |
|---|---|---|---|---|
| 5 | അവശ്യസൗകര്യങ്ങൾ പദ്ധതി ബാധിതമാകൽ | "LARR" നിയമം 2013 ഒന്ന്, രണ്ട് പട്ടികകൾ പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ട പരിഹാരവും പുനസ്ഥാപനവും നൽകുക | | കുടുംബങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത വിധത്തിൽ അവശ്യസൗകര്യങ്ങളുടെ പുനസ്ഥാപനം |
| 6 | തുടർന്നുള്ള ഉപയോഗത്തിന് ഏറ്റെടുക്കലിനുശേഷം അവശേഷിക്കുന്ന ഭൂമിയുടെ അപര്യാപ്തത | ഭൂമിയുടെ നിജസ്ഥിതി പരിശോധിച്ച് നിയമത്തിന്റെ പരിധിക്കുള്ളിൽ സാധ്യമായ നടപടികൾ സ്വീകരിക്കുക | | ഭൂവുടമയ്ക്ക് ഉണ്ടായേക്കാനിടയുള്ള പ്രത്യാഘാതങ്ങൾക്ക് മതിയായ പരിഗണന |
| 7 | പ്രവേശനമാർഗം നഷ്ടമാകൽ | പദ്ധതി നിർമ്മാണ ഘട്ടത്തിൽ പ്രദേശത്തെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം നഷ്ടമാകാതിരിക്കുന്നതിനുള്ള മർഗങ്ങൾ മുൻപേ ആസൂത്രണം ചെയ്യുക. പദ്ധതി നിലവിൽ വരുമ്പോൾ പ്രദേശത്തെ വീടുകളിലേക്കും വസ്തുവകകളിലേക്കും മതിയായ പ്രവേശന മാർഗം ലഭ്യമാക്കണം. | | പദ്ധതിമൂലം ആരുടെയും സഞ്ചാരസ്വാതന്ത്ര്യവും, വസ്തുവകകളിലേക്കുള്ള പ്രവേശനവും നഷ്ടമാകുന്നില്ല എന്ന് ഉറപ്പ് വരുത്തൽ |
| 8 | നിർമ്മാണ മാലിന്യങ്ങൾ നിർമ്മാർജനം ചെയ്യാതിരിക്കൽ | നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയവും സമയാധിഷ്ടിതവുമായിനിർമ്മാർജനം ചെയ്യുക | പദ്ധതി നിർമ്മാണ ഘട്ടത്തിനു മുമ്പേ മാലിന്യ നിർമ്മാർ ജനം ആസൂത്രണം ചെയ്യുക | പരിസ്ഥിതിക്ക് ദോഷം ഉണ്ടാകാത്ത വിധത്തിൽ പദ്ധതി നിർവ്വഹണത്തിനു മുൻപേ നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയമായും സമയാധിഷ്ടിതമായും നീക്കം ചെയ്യും എന്ന് ഉറപ്പ് വരുത്തുക |
| 9 | വൃക്ഷങ്ങൾ നഷ്ടമാകൽ | പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷത്തൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. | | പദ്ധതി പ്രദേശത്തെ പരിസ്ഥിതിക്ക് കോട്ടം വരുന്നില്ല എന്ന് ഉറപ്പ് വരുത്തൽ |

**7.7. സാമൂഹ്യ പ്രത്യാഘാത നിയന്ത്രണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ടതും, പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ളതും / ഉറപ്പ് ൽകിയിട്ടില്ലാത്തതുമായ നടപടികൾ.**

ബാധകമല്ല

# അദ്ധ്യായം 8

## സാമൂഹ്യ പ്രത്യാഘാത
## പദ്ധതി നിർവ്വഹണ സ്ഥാപന സംവിധാനം

### 8.1. ഓരോ പ്രത്യാഘാത ദൂരീകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ വകുപ്പ് 43 ഉം കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015, ചട്ടം 22 ഉം നിർവ്വചിക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതി ബാധിത കുടുംബങ്ങൾക്കുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിന്റെ ഉത്തരവാദിത്തം. സർക്കാരിന്റെയും, പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തന്റെ കീഴിലുള്ള പദ്ധതിയ്ക്കു വേണ്ടി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമിന്റെ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്.

തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ - കുറ്റിപ്പുറം സംസ്ഥാന പാതയുടെ മുണ്ടൂർ മുതൽ പുറ്റേക്കര വരെ 1.88 കിലോമീറ്റർ നീളത്തിൽ ഉള്ള റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ടി തൃശ്ശൂർ താലൂക്കിൽ അഞ്ഞൂർ വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിന്റെ അഡ്മിനിസ്ട്രേറ്റർ ആയി നിയോഗിക്കപ്പെട്ടിരിക്കുന്നത് ഡെപ്യൂട്ടി കളക്ടർ, (എൽ.എ) തൃശ്ശൂർ ആണ്. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ എൽ.എ (ജനറൽ), തൃശ്ശൂർ ആണ്.

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ഉം 23/09/2015ൽ പുറപ്പെടുവിച്ച ഉത്തരവ് G.O(MS)No.485/2015/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളാണ് ഉണ്ടായിരുന്നത് – ജില്ലാതല കമ്മിറ്റിയും സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റിയും. എന്നാൽ 14.02.2019 ലെ സർക്കാർ ഉത്തരവ് GO (MS)No.56/2019/RD പ്രകാരം സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റി നിറുത്തലാക്കി.

ജില്ലാതല കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

- ജില്ലാ കളക്ടർ
- പുനരധിവാസ പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ പ്രതിനിധികൾ

ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ടിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. പദ്ധതിബാധിതരുടെ രേഖകൾ പരിശോധിച്ച് തഹസിൽദാർ അഡ്മിനിസ്ട്രേറ്റർ മുമ്പാകെ സമർപ്പിക്കുന്ന 29/12/2017 തീയതിയിലെ സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന പുനരധിവാസ-പുനഃസ്ഥാപന പാക്കേജ് പ്രകാരമുള്ള തുക അഡ്മിനിസ്ട്രേറ്റർ സ്ഥലപരിശോധന, വിചാരണ, തെളിവെടുപ്പ് എന്നീ മാർഗങ്ങളിലൂടെ ഉറപ്പ് വരുത്തി ആവശ്യമായ ഭേദഗതികൾ വരുത്തി, ആയതിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. ഇപ്രകാരം തയ്യാറാക്കപ്പെട്ട ലാൻറ് റവന്യൂ കമ്മീഷണറുടെ അംഗീകാരം നേടിയ ഭൂമിവിലയും, പുനരധിവാസ-പുനഃസ്ഥാപനതുകയും കൂടാതെ ബന്ധപ്പെട്ട അധികാരികൾ തയ്യാറാക്കിയ കെട്ടിടവില, വൃക്ഷ വിലയും കൂടി ഉൾപ്പെടുത്തിയ നിയമാനുസൃതമായ നഷ്ടപരിഹാരം ജില്ലാതല കമ്മിറ്റി പദ്ധതി ബാധിത കുടുംബത്തോട് വിശദീകരിക്കും. പദ്ധതി ബാധിത വ്യക്തിയുടെ/കുടുംബത്തിൻെറ അനുമതി ലഭിച്ചു കഴിഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള മീറ്റിംഗ്

മിനിറ്റ്സും ഉൾപ്പെടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കും. നിശ്ചയിക്കപ്പെട്ട നഷ്ടപരിഹാരവും പുനരധിവാസ പുനസ്ഥാപന പാക്കേജും പദ്ധതി ബാധിത വ്യക്തിക്ക്/ കുടുംബത്തിന് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

**8.2. സർക്കാതിര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ഒരു പൊതു ആവശ്യത്തിനു വേണ്ടി സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്നു. കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളെയോ സംഘടനകളെയോ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനുസൃതമായി അനുമതി നൽകാമെന്ന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ൻെറ ചട്ടം 9 ൽ നിർവ്വചിച്ചിരിക്കുന്നു. അതിൻ പ്രകാരം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസിൽ പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനയായ രാജഗിരി ഔട്ട്റീച്ചിനെ തൃശ്ശൂർ - കുറ്റിപ്പുറം സംസ്ഥാന പാതയിൽ മുണ്ടൂർ മുതൽ പുറ്റേക്കര വരെ ഉള്ള റോഡിൻെറ നവീകരണവുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ താലൂക്കിൽ ഉൾപ്പെട്ട അഞ്ഞൂർ വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി

2024 ഏപ്രിൽ 02 തിയ്യതിയിലെ കേരള ഗസറ്റ് (അസാധാരണം) വാല്യം 13, നമ്പർ 1239 ൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം നമ്പർ DCTSR/3150/2018-E4-Part (1) പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പബ്ലിക് ഹിയറിംഗ് ഉൾപ്പെടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള നടപടികൾ നിർവ്വഹിക്കുന്നതിന് രാജഗിരി ഔട്ട്റീച്ച് ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു.

**8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

നിർദ്ദിഷ്ടഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

# അദ്ധ്യായം 9

## സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

### 9.1. സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും

പദ്ധതിക്ക് വേണ്ടി പദ്ധതി പ്രദേശത്തെ വീടുകൾ, വ്യാപാര വ്യവസായ സ്ഥാപനങ്ങൾ കെട്ടിടങ്ങൾ, ചുറ്റുമതിൽ, തുടങ്ങിയ നിർമ്മിതികൾ പദ്ധതിബാധിതമാകുകയും ഏതാനും കുടുംബങ്ങളുടെ ഉപജീവനമാർഗം നഷ്ടമാകുകയോ വരുമാനത്തിൽ കുറവ് വരുകയോ ചെയ്യേക്കാം. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണത്തിന് വേണ്ടി ചുമതലപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥൻ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന് ഭൂമിയുടെയും പ്രദേശത്തിന്റെയും പ്രത്യേകതകൾ പരിഗണിച്ച് കൊണ്ട് നിയമാനുസൃതമായ വിലയും ഭൂമിയിലുള്ള ആസ്തികളുടെ വിലയും നിർണ്ണയിക്കുകയും, കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ ദൂരീകരിക്കുന്നതിന് ഉതകുന്ന വിധത്തിൽ നഷ്ടപരിഹാരവും പുനരധിവാസ-പുനസ്ഥാപന പാക്കേജും തീരുമാനിക്കുകയും ചെയ്യും.

### 9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ പ്രവർത്തനങ്ങളും

ബാധകമല്ല

### 9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

ബാധകമല്ല

# അദ്ധ്യായം 10

# സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി മേൽനോട്ടവും മൂല്യനിർണ്ണയവും

## 10.1. മേൽനോട്ടവും മൂല്യനിർണ്ണയവും - പ്രധാന സൂചികകൾ

- ഭൂമിയുടെ വിലയും നഷ്ടപരിഹാരവും
- കുടുംബങ്ങളുടെ ഉപജീവനവും അടിസ്ഥാന സൗകര്യങ്ങളും തടസപ്പെടാത്ത വിധത്തിൽ സമയാധിഷ്ടിതമായ പുന:സ്ഥാപന നടപടികൾ
- സമയാധിഷ്ടിതമായ ഭൂമിയേറ്റെടുക്കൽ നടപടികൾ
- പ്രദേശത്തിൻെറ പരിസ്ഥിതിക്ക് ദോഷം വരാത്ത വിധത്തിലുള്ള നിർമ്മാണ പ്രവർത്തനം
- പദ്ധതി പ്രദേശത്തുനിന്നും നിർമ്മാണ മാലിന്യങ്ങളുടെ ശാസ്ത്രീയവും സമയാധിഷ്ടിതവുമായ നീക്കം ചെയ്യൽ

## 10.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

തൃശ്ശൂർ - കുറ്റിപ്പുറം റോഡിലെ മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള റോഡിൻെറ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ടി അഞ്ഞൂർ വില്ലേജിൽ നിന്നും ഏകദേശം 1.0987 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിൻെറ റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും. നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി അഡ്മിനിസ്ട്രേറ്റർ ആയി ചുമതലപ്പെട്ടിരിക്കുന്ന ഡെപ്യൂട്ടി കളക്ടർ (എൽ.എ) തൃശ്ശൂർ പദ്ധതിയുടെ പുനരധിവാസ-പുനസ്ഥാപന സ്കീമിൻെറ തയാറാക്കലിനും നടത്തിപ്പിനും നിരീക്ഷണത്തിനും ചുമതലപ്പെട്ടിരിക്കുന്നു. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ

എൽ.എ (ജനറൽ), തൃശ്ശൂർ ആണ്. അഡ്മിനിസ്ട്രേറ്ററുടെ കീഴിൽ സ്പെഷ്യൽ തഹസിൽദാർ തയ്യാറാക്കുന്ന പുനരധിവാസ–പുനസ്ഥാപന സ്കീമിൻെറ കരട് രേഖ ജില്ലാതല പുനരധിവാസ പുനസ്ഥാപന കമ്മിറ്റി അന്തിമമാക്കുകയും സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകാരം നൽകുകയും ചെയ്യണം.

**10.3. സ്വതന്ത്ര വിലയിരുത്തലിനുള്ള പദ്ധതി**

ബാധകമല്ല

# അദ്ധ്യായം 11

## നേട്ടങ്ങളും നഷ്ടങ്ങളും - അപഗ്രഥനം, ശുപാർശകൾ

**11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം**

തൃശ്ശൂർ ജില്ലയിലെ ഒരു പ്രധാന സംസ്ഥാന പാതയാണ് തൃശ്ശൂർ - കുറ്റിപ്പുറം റോഡ്. തൃശ്ശൂരിൽ നിന്നാരംഭിച്ച് തൃക്കനാപുരത്ത് അവസാനിക്കുന്ന ടി റോഡിൽ മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള റോഡിന്റെ നവീകരണ പ്രവർത്തികൾക്ക് വേണ്ടി റോഡ് വീതി കൂട്ടി, ശക്തിപ്പെടുത്തി, ഡ്രെയിനേജ്, ഫുട് പാത്ത്, മറ്റ് റോഡ് സുരക്ഷാ സൗകര്യങ്ങൾ ഒരുക്കി നവീകരിക്കുക എന്നതാണ് നിലവിലെ പദ്ധതി. ഈ പദ്ധതി പൂർത്തീകരിക്കപെട്ടാൽ, ടി റോഡിലെ അപകട സാധ്യത കുറക്കുന്നതിനും, സുഗമമായ ഗതാഗതം സാധ്യമാക്കുന്നതിനും സാധിക്കും. ഈ ലക്ഷ്യത്തിലേക്കായി അഞ്ഞൂർ വില്ലേജിൽ നിന്ന് ഏകദേശം 1.0987 ഹെക്ടർ ഭൂമി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു.

ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്ക് കൈവശമായ സ്ഥലത്തിൽ കുറവ് വരുകയും ഭൂമിയോട് ചേർന്നുള്ള ആസ്തികൾ നഷ്ടമാകുകയും ചെയ്യുന്നുണ്ട്. പദ്ധതി ബാധിതമാകുന്ന സ്ഥലങ്ങളിലെ 9 വീടുകൾ പൂർണ്ണമായി / ഭാഗികമായി / ചെറിയ തോതിൽ ബാധിതമായേക്കാം. എന്നിരുന്നാലും ടി വീടുകൾ ഉൾപ്പടെ പദ്ധതി ബാധിതമാകുന്ന കെട്ടിടങ്ങളിൽ നിന്ന് ലഭിക്കുന്ന വാടക വരുമാനം, പദ്ധതി ബാധിതമാകുന്ന കെട്ടിടത്തിൽ ഭൂവുടമ നടത്തുന്ന വ്യാപാരം/വ്യവസായം, എന്നിവ നഷ്ടമാകുന്നത് മൂലം ഭൂവുടമകളുടെയും കൂടാതെ പദ്ധതിബാധിത പ്രദേശത്ത് പ്രവർത്തിക്കുന്ന വാടകക്കാരുടെയും തൊഴിലാളികളുടെയും ഉപജീവനത്തെ ബാധിച്ചേക്കാം. കൂടാതെ പദ്ധതിബാധിത പ്രദേശത്തെ വൃക്ഷങ്ങളും മാറ്റേണ്ടി വരും. ചില ഭൂവുടമകൾ നിലവിലുള്ള അലൈൻമെന്റിലുള്ള അതൃപ്തി അറിയിക്കുകയും പഴയ അലൈൻമെന്റ് പ്രകാരം ഭൂമി ഏറ്റെടുക്കണമെന്ന് അറിയിക്കുകയും ചെയ്തു. പദ്ധതിക്ക് വേണ്ടി നിലവിലെ രൂപരേഖ പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ മേൽ വിവരിച്ച പ്രത്യാഘാതങ്ങൾ ഉണ്ടായേക്കാം എങ്കിലും പദ്ധതി പ്രദേശത്ത് കൂടെയുള്ള ഗതാഗതം സുഗമമാക്കി പ്രദേശത്തിന്റെ സമഗ്ര വികസനത്തിന് കാരണമായേക്കാം എന്നതിനാൽ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സർവ്വെയിൽ പങ്കെടുത്ത ചുരുക്കം ചിലരൊഴിച്ച് ഏറെകുറെ എല്ലാ ഭൂവുടമകൾക്കും പദ്ധതിയെക്കുറിച്ച് അനുകൂലമനോഭാവമാണ് എന്ന് മനസിലാക്കുന്നു.

## 11.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

തൃശ്ശൂർ ജില്ലയിലെ സംസ്ഥാന പാത 69 ൽ മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള റോഡിൻെറ വികസന പദ്ധതിക്ക് വേണ്ടി തൃശ്ശൂർ ജില്ലയിൽ അഞ്ഞൂർ വില്ലേജിൽ നിന്ന് ഏകദേശം 1.0987 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിൻെറ അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ വിലയിരുത്തുമ്പോൾ, പദ്ധതി മൂലം ഭൂവുടമകൾക്കും ഏതാനും മറ്റ് വ്യക്തികൾക്കും മേൽ പറഞ്ഞ നഷ്ടങ്ങൾ ഉണ്ടാകുവാനിടയുണ്ടെങ്കിലും പദ്ധതി പ്രദേശത്തിൻെറ സമഗ്ര വികസനത്തിന് കാരണമാകും എന്നതിനാൽ പദ്ധതിബാധിത കുടുംബങ്ങൾ ഉൾപ്പടെയുള്ള ഭൂരിഭാഗം പ്രദേശവാസികൾക്ക് പദ്ധതിയോട് അനുകൂല മനോഭാവമാണുള്ളത് എന്ന് പഠന സംഘം മനസിലാക്കുന്നു ആയതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസ ത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, പ്രസ്തുത നിയമത്തിൻെറയും ചട്ടങ്ങളുടെയും വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് കേരള സർക്കാർ റെവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ച 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരവും 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.448/2017/RD പ്രകാരവും പദ്ധതിബാധിത കുടുംബങ്ങൾക്ക് നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവ നൽകുന്നതിലൂടെ ഭൂമി ഏറ്റെടുക്കൽ മൂലം കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്. ആയതിനാൽ കുടുംബങ്ങൾക്ക് നിയമാനുസൃതമായ നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവ യഥാസമയും നൽകിയും താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച്കൊണ്ടും ഭൂമി ഏറ്റെടുക്കൽ നടപടികൾ നടപ്പിലാക്കാവുന്നതാണ് എന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം ശുപാർശ ചെയ്യുന്നു.

- ഉപജീവനമാർഗം നഷ്ടമാകുന്ന കുടുംബങ്ങൾക്ക് അവരുടെ ദൈനംദിന ജീവിതാവശ്യങ്ങൾക്ക് ഭംഗം നേരിടാതിരിക്കുന്നതിന് സമയാധിഷ്ടിതമായി നഷ്ടപരിഹാരം നൽകുക.

- പദ്ധതിബാധിതമാകുന്ന കെട്ടിടങ്ങളിൽ/സ്ഥാപനത്തിൽ 3 വർഷക്കാലമായി താമസിക്കുകയോ ഉപജീവനം നടത്തുകയോ ചെയ്യുന്ന വാടകക്കാരെയും തൊഴിലാളികളെയും വിശ്വസനീയമായ തെളിവിന്റെ അടിസ്ഥാനത്തിൽ പുനരധിവാസ-പുനസ്ഥാപന പാക്കേജിന് പരിഗണിക്കുക

- ഭാഗികമായി പദ്ധതിബാധിതമാകുന്ന വീടുകളിലെ കുടുംബങ്ങൾക്ക് പദ്ധതിനിർമ്മാണഘട്ടത്തിൽ താമസത്തിന് ബുദ്ധിമുട്ട് നേരിട്ടാൽ കുടുംബങ്ങളുടെ താമസത്തിന് ബദൽ സംവിധാനം ഒരുക്കേണ്ടതാണ്

- പദ്ധതി നിർമ്മാണ ഘട്ടത്തിലും നിർവ്വഹണത്തിനു ശേഷവും സമീപത്തുള്ള കുടുംബങ്ങൾക്ക് തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം.

- പദ്ധതിബാധിതമാകുന്ന അവശ്യസൗകര്യങ്ങൾ പുനസ്ഥാപിക്കുന്നതിന് ഏറ്റെടുക്കലിനുശേഷം അവശേഷിക്കുന്ന സ്ഥലം അപര്യാപ്തമല്ലാതിരിക്കുന്ന സാഹചര്യത്തിൽ ടി സൗകര്യങ്ങൾ നിലനിറുത്തുന്നതിന് പദ്ധതിരൂപരേഖയിൽ സാധ്യമായ മാറ്റം പരിഗണിക്കുക.

- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടി ശല്ല്യവും യന്ത്രസാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം.

- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായ്, യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

- പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

- നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പദ്ധതിയും നഷ്ടപരിഹാര നടപടികളും കാലതാമസം കൂടാതെ നടപ്പിലാക്കുക

## സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013.
2. കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015.
3. കേരള സർക്കാർ - റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം.
4. കേരള സർക്കാർ റവന്യൂ(ബി)വകുപ്പിൻെറ 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള നയം.
5. 2024 ഏപ്രിൽ 2 തിയ്യതിയിലെ കേരള ഗസറ്റ് (അസാധാരണം) വാല്യം 13, നമ്പർ 1239 ൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം നമ്പർ DCTSR/3150/2018-E4-Part (1).

******